
Registered No. M-4485 Madras War Review, Malayalam—10-8-1945

UNIVERSITY LIBRARY, MADRAS. 14 AUG 1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ആഗസ്റ്റ് 10-ാംനു, വെള്ളിയാഴ്ച [ലക്കം 47

## മദ്രാസുകാരായ പാലം പണിക്കാർ



റങ്കൂണിൽനിന്നു 150 നാഴിക വടക്കുകിഴക്കു കിടക്കുന്ന മാവ്ച്ചി റോഡിൽ ജലപ്രവാഹമുണ്ടായപ്പോൾ, മദ്രാസ് സാപ്പേഴ്സ് ആൻഡ് മൈനേഴ്സിലെ ഒരു വിഭാഗത്തെ പാലം പണിയുന്നതിന്നു നിയോഗിച്ചു. പാലത്തിൻെറ ഒരു ഭാഗം ചിത്രത്തിൽ കാണാം.

# ജപ്പാന്ന് ആശയ്ക്കു വഴിയില്ല

ജപ്പാന്നു ഈ യുദ്ധത്തിൽ ആശയ്ക്കു ലേശവും അവകാശമില്ല. ഇനിയും ജപ്പാൻ യുദ്ധം ചെയ്യാൻ തന്നെ തുനിയുന്നപക്ഷം, ജപ്പാന്റെ വ്യവസായം മുഴുവനും നശിക്കുകയും, നഗരങ്ങൾ തകരുകയും ഒടുവിൽ ജർമ്മൻകാരെപ്പോലെത്തന്നെ അവസാനം തങ്ങളുടെ പരാജയത്തിന്റെ അപരിത്യാജ്യതയെപ്പററി മനസ്സിലാക്കുകയും ചെയ്യും.

—മേജർ ജനറൽ കർട്ടിസ് ഇ. ലെമെ, 1945 ആഗസ്റ്റ് 4-ാംനു ഗ്വാമിൽനിന്നു ചെയ്ത ഒരു പ്രക്ഷേപിണി പ്രസംഗത്തിൽനിന്ന്.

## അവസാനസമരത്തിന്നു തയ്യാറാവുന്നു

എട്ടാം വിമാനസേനയൊഴികെ റിക്യൂസിലുള്ള എല്ലാ സേനകളും ജനറൽ മക്ആർതറുടെ പ്രത്യക്ഷനേതൃത്വത്തിലാണ്. ജനറൽ സ്റ്റീൽവെല്ലിന്റെ 10-ാം സേനയും, ജനറൽ ജോർജ്ജ് കെന്നഡിയുടെ 5-ഉം 7-ഉം വിമാന സേനകളും അങ്ങോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ജനറൽ മക്ആർതറുടെ നേതൃത്വത്തിൽ ജപ്പാനെ അവസാനമായി ആക്രമിക്കുന്നതിന്നുള്ള സന്നാഹങ്ങളെല്ലാം തയ്യാറായിവരുന്നു.

—ജനറൽ മക്ആർതർ ആഗസ്റ്റ് 4-ാംനു പുറപ്പെടുവിച്ച പ്രസ്താവന.

---

# ജർമ്മനിയിലെ ദുഷ്പ്രവാചകന്മാർ

[ഇരുപതാം നൂററാണ്ടിലെ ഒരു സുപ്രസിദ്ധ തത്വചിന്തകനും ഗണിതശാസ്ത്രജ്ഞനുമായ ബർട്രാണ്ട് റസ്സൽ ആധുനിക നാസി ചിന്താരീതിയുടെ പിന്നിലുള്ള പത്തൊമ്പതാം നൂററാണ്ടിലെ തത്വങ്ങളെ സംക്ഷിപ്തമായി പരിശോധിക്കുന്നു. നാസിസം ഹിററ്ലറുടെ ഒരു കണ്ടുപിടുത്തമോ, ദൈവീകമായ വെളിപ്പാടുമൂലമുണ്ടായ സിദ്ധിയോ ആണെന്നു വിശ്വസിക്കുന്നവർ ധാരാളമുണ്ട്. താത്വികമോ സാമൂഹ്യമോ സാമ്പത്തികമോ ആയ യാതൊരു വ്യവസ്ഥയും തന്നെ ശൂന്യതയിൽനിന്നു, തെല്ലും പശ്ചാത്തലമില്ലാതെ വളർന്നുവന്നിട്ടില്ല—യു. സ. പ.]

## ബർട്രാൻഡ് റസ്സൽ

നാസികളുടെ പാപങ്ങൾക്കു പത്തൊമ്പതാം ശതകത്തിലെ ജർമ്മൻകാർ ഉത്തരവാദികളാണോ? അതെ, കുറച്ചൊക്കെ അങ്ങിനെയാണെന്നു വേണം പറവാൻ. പത്തൊമ്പതാം ശതാബ്ദത്തിൽ ചില ജർമ്മൻദാർശനികന്മാർ പുറപ്പെടുവിച്ച തത്വങ്ങളെ സമാഹരിക്കുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്തുണ്ടാക്കിയതാണ് നാസി രാജ്യമീമാംസയുടെ സുവിശേഷങ്ങൾ. അവയിൽ ആദ്യത്തേതു് ഉന്മാദപരമായ ദേശീയബോധമാണ്; അതു ഫിഷെ പഠിപ്പിച്ചതാണ്. രണ്ടാമത്തേതു് ഹെഗൽ കുത്തിപ്പൊന്തിച്ച ഭരണകൂടാരാധനയും, മൂന്നാമത്തേതു ഫിഷേരയുടെ നീതിശാസ്ത്രം നിർമ്മിച്ച അതിമാനുഷത്വവും ആണ്. ഈ അതിമാനുഷതത്വപ്രകാരം ഒരു ചെറിയ സംഘക്കാരെ മാത്രമേ സാരമായി ഗണിക്കേണ്ടതുള്ളു; കാരണം സാധാരണ മനുഷ്യർ വളരെക്കുറച്ചു പ്രാധാന്യം മാത്രമേ അർഹിക്കുന്നുള്ളു.

വെറും തത്വവിജ്ഞാനത്തിൽ, ഫിഷെ, കാന്റിന്റെ ഒരു ശിഷ്യനായിരുന്നു. എന്നാൽ രാജ്യമീമാംസയിൽ അദ്ദേഹം തന്റെ ഗുരുവായ കോനിസ്ബർഗ്ഗിലെ സന്യാസിയിൽനിന്നും തികച്ചും വ്യത്യസ്തനായിരുന്നു. മിതവാദം കലർന്ന ഒരന്തർദ്ദേശീയവാദിയായിരുന്നു കാന്റ്. പ്രപഞ്ചം മുഴുവനും 'അഹന്ത' (Ego) യുടെ ഒരു നിർമ്മാണമാണെന്നും ഫിഷെ വിശ്വസിച്ചു; തനിക്കു അടുത്തതും, ഗുണം ചെയ്യുന്നതുമായ ആളുകളും വസ്തുക്കളും അവയുടെ ഗുരുലഘുത്വമനുസരിച്ച വിധത്തിൽ അദ്ദേഹം യഥാർത്ഥമായിക്കണ്ടു. താൻ —അതായതു ഫിഷെ—തന്റെ കുടുംബത്തേയും രാജ്യത്തേയും മററു കുടുംബങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും ഉപരിയായി പരിഗണിക്കുന്നതിനെ ന്യായീകരിക്കുന്നു. മററുള്ള നാടുകളും കുടുംബങ്ങളും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വെറും ഭൌതികാതീതമായ വ്യാമോഹങ്ങളാണ്.

പ്രഷ്യയിൽവെച്ചു ജീനാസമരത്തിൽ നെപ്പോളിയൻ പരാജയപ്പെടുത്തു് ഫിഷേരയ്ക്കു "ജർമ്മൻ രാഷ്ട്രത്തിന്നുള്ള ആഹ്വാനങ്ങൾ" എഴുതുന്നതിന്നു പ്രേരണയും പ്രചോദനവും നൽകി. 1808 ൽ അതു പ്രസിദ്ധീകരിച്ച മുതൽ ആ ഗ്രന്ഥം ജർമ്മൻ ദേശീയതത്വത്തിന്റെ ബൈബിളായിത്തീർന്നു. ഗുണവാന്മാരും സൽബുദ്ധികളുമായ ജർമ്മൻകാർക്കു, നശിച്ചതും കുതന്ത്രം നിറഞ്ഞതുമായ ശത്രുവിൽനിന്നുത്ഭവിക്കുന്ന ധാർമ്മികകളങ്കത്തെ എങ്ങിനെ ഏതുക്കാൻ കഴിയുമെന്ന് അദ്ദേഹം അതിൽ വിവരിക്കുന്നു. അതിന്നുള്ള പ്രാഥമികോപാധി ഒരു പുതിയ തരത്തിലുള്ള വിദ്യാഭ്യാസമുറയാണ്. അതായതു, ഇച്ഛാ ശക്തിയേയും സ്വാതന്ത്ര്യത്തേയും പരിപൂർണ്ണമായി നശിപ്പിക്കുന്ന ഒരു പുതിയ വിദ്യാഭ്യാസം. സ്കൂൾ വിദ്യാർത്ഥികൾക്കു ബാഹ്യലോകവുമായി യാതൊരു സംസർഗ്ഗവും പാടില്ല; വിശക്കുന്നതിന്നല്ല അവർ ഭക്ഷണം കഴിക്കേണ്ടതു്. അവരുടെ ഓജസ്സ് പുലർത്തുന്നതു ജർമ്മനിയുടെ സേവയ്ക്കുവേണ്ടിയുള്ള ഒരു കർത്തവ്യം മാത്രമാണ്.

ഒരു റിപ്പബ്ലിക്കൻ ഭരണരീതി പുലർത്തുന്നതിന്നു പ്രാപ്തമായ ഒരൊററ രാഷ്ട്രം ജർമ്മനിമാത്രമാണത്രേ. ജർമ്മൻകാർ മാത്രമേ ഒരു ദേശത്തിൽ ഉൾക്കൊള്ളുന്നവരുള്ളു; തന്മൂലം ദേശത്തേ സ്നേഹിക്കുന്നതിന്നുള്ള അർഹത അവർക്കുണ്ടു്. ജർമ്മൻകാരല്ലാത്ത യാതൊരാൾക്കുംതന്നെ "ദേശത്തിനോടു യഥാർത്ഥവും യുക്തിയുക്തവുമായ സ്നേഹം" ഉണ്ടാകില്ലപോലും. ഈ വാദത്തിന്റെ സമാപ്തി ഇങ്ങിനെയാണ്: സൽസ്വഭാവം ഉണ്ടായിരിക്കുകയും ജർമ്മനായിരിക്കുകയും ചെയ്യുക എന്നുവെച്ചാൽ ഒന്നു തന്നെയാണ്. വീമർ റിപ്പബ്ലിക്കിന്റെ ആദ്യത്തെ സോഷ്യലിസ്ററു പ്രസിഡണ്ടായ എൽബട്ട് അദ്ദേഹത്തിന്റെ പരിപാടി താഴെക്കാണുന്ന വാക്കുകളിലൂടെ വ്യക്തമാക്കുകയുണ്ടായി. "ഫിഷെ ജർമ്മൻ രാഷ്ട്രത്തിന്റെ കൃത്യമായി നിർദ്ദേശിച്ച ആ ഉദ്ദേശ്യം നാം ഇങ്ങിനെ സാക്ഷാൽക്കരിക്കുന്നു."

ചെറുപ്പകാലത്തു ഒരു വേദാന്തിയും, നെപ്പോളിയനെ അഭിനന്ദിച്ചിരുന്ന ദേശാഭിമാനിയല്ലാത്ത ആളുമായിരുന്നു ഹെഗൽ. താൻ ബർല്ലിൻ സർവ്വകലാശാലയിലെ പ്രൊഫസ്സറായപ്പോൾ പ്രഷ്യൻ സ്റ്റേററിന്റെ മാഹാത്മ്യത്തെ പാടിപ്പുകഴ്ത്താൻ തന്നെ തീർച്ചയാക്കി. ഇത്രത്തോളം ഒരു രാഷ്ട്രത്തെപ്പററി പൊക്കിപ്പിടിച്ചു പാടിപ്പുകഴ്ത്തുകയും ആരാധനാവിഗ്രഹമാക്കിത്തീർക്കുകയും ചെയ്ത ഒരാൾ ഇതിന്നു മുമ്പും പിമ്പും ഉണ്ടായിട്ടില്ല. "യഥാർത്ഥത്തിൽ നിലനിൽക്കുന്നതും സാധിതപ്രായവുമായ സദാചാരജീവിത"മാണ് സ്റ്റേററ് എന്ന് അദ്ദേഹം നമുക്കു പറഞ്ഞുതരുന്നു. ഒരു വ്യക്തി ആദ്ധ്യാത്മികയാഥാർത്ഥ്യത്തെ അടയുന്നതു സ്റ്റേററിൽക്കൂടി മാത്രമാണത്രേ. സ്റ്റേററ് ഭൂമിയിൽ നിലനിന്നുവരുന്ന ദിവ്യാശയ (Divine Idea) മാണ്. സ്റ്റേററ് അതിലെ വ്യക്തികൾക്കുവേണ്ടി നിലകൊള്ളുന്നില്ല; വ്യക്തികൾ സ്റ്റേററിന്നു വേണ്ടിയാണ്.

ഭരണകൂടത്തിന്ന്, ഹെഗലിന്റെ അഭിപ്രായപ്രകാരം മററു ഭരണക്രമങ്ങളോടു യാതൊരു കർത്തവ്യവുമില്ലതന്നെ; അതു ധാർമ്മികനിയമത്തിന്നു തികച്ചും അതീതമാണ്. യുദ്ധം മുഴുവനും ദോഷമല്ല; അതില്ലാതാക്കുന്നതിന്നു നാം ശ്രമിക്കാൻ പാടില്ല. സ്വതന്ത്രമായ പല രാഷ്ട്രങ്ങൾക്കും ഉപരിയായ ഒരു സഖ്യരാഷ്ട്ര സംഘടന യുദ്ധത്തെ തടയാൻ ശ്രമിക്കുന്ന ആ "ആക്രമണത്തെ" അദ്ദേഹം വിരോധിക്കുന്നു. സ്വാർത്ഥതാല്പര്യമാണ് ഏതൊരു രാഷ്ട്രത്തിന്റേയും ഏററവും സമുന്നതമായ നിയമം; രാജ്യമീമാംസയും സദാചാരങ്ങളും തമ്മിൽ യാതൊരു കലഹവുമില്ല; കാരണം സദാചാരങ്ങൾ രാഷ്ട്രത്തിന്റെ കാര്യങ്ങളിൽ ചെലുത്താതെ പാടില്ലാത്തതാണ്! ഈ തത്വം ഏതൊരു ആഭ്യന്തര ദുഷ്പ്രഭുത്വത്തേയും, അന്യരാജ്യാക്രമണത്തേയും വകവെക്കുകയും ന്യായീകരിക്കുകയും ചെയ്യുന്നു.

ചില 'ചീത്ത' രാഷ്ട്രങ്ങളുമുണ്ടായിക്കൂടെന്നില്ല എന്ന് ഹെഗൽ സമ്മതിക്കുന്നു. എന്നാൽ അവ തികച്ചും 'യഥാർത്ഥ'മല്ല. "യഥാർത്ഥം" എന്ന പദം ഉപയോഗിക്കുന്നതു അദ്ദേഹം വിചിത്രമായ ഒരു ഭൌതികാതീതത്വത്തിലൂടെയാണ്. ആധുനിക രാഷ്ട്രങ്ങളിൽ തികച്ചും 'യഥാർത്ഥ'മായതു പ്രഷ്യ മാത്രമാണ്. ഹെഗലിന്റെ ചരിത്രസംബന്ധമായ അഭിപ്രായങ്ങളും ഇതിനോടു അനുയോജിച്ച വിധത്തിലുള്ളതാണ്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ചരിത്രമെന്നുവെച്ചാൽ 'ആശയ'ത്തിന്റെ അഭിവൃദ്ധമായ രൂപമാണ്. എല്ലാ ദശകളിലും ഏതെങ്കിലും ഒരു രാഷ്ട്രത്തിൽ ഈ "ആശയം" ഉൾക്കൊണ്ടിരിക്കും. ആദ്യം അതു ചൈനയും, പിന്നീടു ഇന്ത്യയും അതിന്നുശേഷം ഗ്രീസും പിന്നീടു റോമും ആയിരുന്നു; റോമിന്റെ അധഃപതനത്തിന്നു ശേഷം അതു ജർമ്മനിയാണ്. ജർമ്മൻ ബോധം നവീനലോകത്തിന്റെ ബോധമാണുപോൽ. "അപരിമിതമായ സ്വാതന്ത്ര്യത്തിന്റെ സ്വയംനിർണ്ണയമെന്ന നിലയ്ക്കുള്ള കേവല സത്യപ്രാപ്തിയാണ്" അതിന്റെ ലക്ഷ്യം.

'സ്വാതന്ത്ര്യം' എന്ന പദത്തിന്നു ഹെഗൽ കല്പിച്ചിട്ടുള്ള അർത്ഥം പോലീസിനെ അനുസരിക്കുന്നതിന്നുള്ള ഒരവകാശം മാത്രമാണ്. ഗസ്റ്റാപ്പോ വളരെ സൌജന്യമായി ഇതു് അനുവദിച്ചു തന്നിട്ടുമുണ്ടു്.

നീച്ചേ, പ്രധാനമായും നീതിശാസ്ത്രത്തിൽ ഒരു 'പ്രമാണി' തത്വം കണ്ടുപിടിച്ച, അഥവാ ആ തത്വത്തെ പുനരുജ്ജീവിപ്പിച്ച ആളാണ്. പ്രമാണികളായ ഒരു ന്യൂനപക്ഷത്തിന്നു മാത്രം ഉണ്ടാവുന്നതാണെന്നു അദ്ദേഹം വിശ്വസിച്ച ചില വിശേഷതകളെ അദ്ദേഹം അഭിനന്ദിച്ചു; ഭൂരിപക്ഷം ഈ ന്യൂനപക്ഷത്തിന്നു കീഴൊതുങ്ങിക്കഴിയണം. അവർക്കു സൌഖ്യത്തിന്നും ക്ഷേമത്തിന്നും വേണ്ടി യാതൊരു സ്വാതന്ത്ര്യാവകാശവും ഉണ്ടായിക്കൂടാ. മഹാന്മാർ ഉണ്ടാകുന്നതിന്നു വേണ്ടി ഇത

(ശേഷം 9-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ആഗസ്റ്റ് 10-ാംനു, വെള്ളിയാഴ്ച

## പോട്സ്ഡാം സമ്മേളനം

പോട്സ്ഡാമിൽവെച്ചു കഴിഞ്ഞ വാരാന്ത്യത്തിൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട്, ജർമ്മനിയുടെ ഈ പരിതസ്ഥിതിയിൽ ഏററവും നല്ലതായിരുന്നുവെന്നു, ഭാവി തലമുറയിലെ നിഷ്പക്ഷവാദികൾ പറയുന്നതായിരിക്കും.

1940 ൽ ചർച്ചിൽ പ്രഖ്യാപിക്കയുണ്ടായി, "നാസി അധികാരത്തെ തകർക്കുന്നതോടൊപ്പം തങ്ങൾക്കു, സ്വാതന്ത്ര്യവും, സ്വൈരവും, ഭക്ഷണവും കിട്ടുമെന്ന് യൂറോപ്പിലെ ജനങ്ങൾ പൊതുവിലല്ല, ജർമ്മനിയിലെയും, ആസ്ത്രിയയിലെയും ജനങ്ങൾ കൂടി വിശ്വസിക്കുന്നു എന്ന് എനിക്കു തികച്ചും വിശ്വാസമുണ്ട്."

നാസിസം നശിച്ചുകഴിഞ്ഞു. എന്നാൽ ഹിററ്ലറിസം എന്തെല്ലാം ഭയങ്കരതകളാണ് യുദ്ധംമൂലം ഉണ്ടാക്കിയത്? ഇതു കൊള്ളയിട്ട രാജ്യങ്ങളെ മാത്രമല്ല, ജർമ്മനിയെക്കൂടി ബാധിക്കുന്നതാണ്.

എന്നാൽ എല്ലാ ചിന്താശീലരായ സ്ത്രീപുരുഷന്മാരും, യൂറോപ്പിന്നുണ്ടായ യുദ്ധത്തിന്റെ ഭയങ്കരതയിൽനിന്നും അടിമത്തത്തിൽനിന്നും സമാധാനം വേണമെന്ന് ആഗ്രഹിക്കുമ്പോഴും, പ്രതികാരത്തിന്റെ ജ്വാലകൾ തികച്ചും ശമിച്ചിട്ടില്ലെങ്കിലും, അവരുടെ ശത്രുത യുദ്ധത്തിന്റെ കാരണങ്ങളോടും പട്ടാള മേധാവികളോടും അവരുടെ അടുത്തും പത്തിക്കാരോടുമല്ലാതെ, ഈ പുതിയ തലമുറയോടും അല്ല വേണ്ടതെന്നു മനസ്സിലാക്കേണ്ടതാണ്.

ഈ പരമാർത്ഥം ശരിക്കു മനസ്സിലാക്കിയിട്ടാണ് പോട്സ്ഡാമിലെ നേതാക്കൾ തങ്ങളുടെ പ്രഖ്യാപനം പുറപ്പെടുവിച്ചിട്ടുള്ളത്: അവർ, അവരാൽ കഴിയുന്നതെല്ലാം ചെയ്യും. ജർമ്മനിയെ, കഴിഞ്ഞ യുദ്ധത്തിൽ ചെയ്യപോലെ, അങ്ങിനെത്തന്നെ പാപ്പരാക്കി തീർക്കുക എന്ന വിഡ്ഢിത്തം അവർ ചെയ്തിട്ടില്ല. ജർമ്മനിയിലെ എട്ടു കോടി ജനങ്ങളുടെ മാനമായ നിലനില്പും, രക്ഷയും ഐക്യരാഷ്ട്രങ്ങൾ ആലോചിച്ചിട്ടുണ്ട്, സംരക്ഷിച്ചിട്ടുണ്ട്.

ചർച്ചിൽ തന്റെ വാക്കുകളെ ആവർത്തിച്ചുകൊണ്ടു വീണ്ടും പ്രഖ്യാപിച്ചു, "സഖ്യരാഷ്ട്രങ്ങൾക്കു ജർമ്മൻ ജനതയെ നശിപ്പിക്കണമെന്നൊ, അടിമപ്പെടുത്തണമെന്നൊ വിചാരമില്ല. അവരുടെ ഉദ്ദേശം ജർമ്മൻ ജനതക്കു ജനാധിപത്യവും, സമാധാനപരമായ ഒരു ജീവിത പുനഃനിർമ്മാണത്തിന്നുള്ള അവസരവും കൊടുക്കണമെന്നുമാത്രമാണ്. അവരുടെ പ്രവർത്തി ഈ വഴിക്കു തിരിക്കുന്നപക്ഷം അവർക്കു ലോകത്തിൽ സ്വാതന്ത്ര്യവും സമാധാനവുമായ ലക്ഷ്യത്തിൽ കൃത്യസമയത്തു എത്തിച്ചേരാൻ കഴിയും."

ഈ ഉദ്ദേശത്തോടുകൂടി ജർമ്മനിയുടെ യുദ്ധനിർമ്മാണത്തെ എന്നന്നേക്കുമായി നശിപ്പിച്ചു. തൽസ്ഥാനത്തു ഭക്ഷണവും മററു ആവശ്യങ്ങൾക്കുള്ള സാധനവും നിർമ്മിക്കുന്നതിന്നു പ്രാമാണ്യം കൊടുത്തിരിക്കുന്നു. സാമ്പത്തികനയത്തെപ്പററി ഇങ്ങിനെ പറയുന്നു. ജർമ്മൻ ജനതക്കു ബാഹ്യമായ സഹായങ്ങൾ കൂടാതെകഴിക്കത്തക്ക നിലക്കുമാത്രമേ യുദ്ധക്കടം കൊടുക്കാൻ തീർച്ചപ്പെടുത്തിയിട്ടുള്ളു. ഐക്യരാഷ്ട്രങ്ങളുടെ സംയുക്ത പട്ടാള ഗവർമ്മേണ്ടു ജർമ്മൻജനതയുടെ സാമ്പത്തിക നിലയെ താറുമാറാക്കുന്നതിനെ നിയന്ത്രിക്കുന്നതായിരിക്കും.

വിദ്യാഭ്യാസകാര്യത്തിലും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഹിററ്ലറിസത്തിൽ അടിയുറച്ച ഒരു ജനതയിൽ ജനകീയത്വത്തിന്റെ ബീജങ്ങൾ കുത്തിക്കയററുക എന്നതു ഏററവും പ്രാധാന്യമർഹിക്കുന്നതും അതേപോലെ വിഷമം പിടിച്ചതുമാണ്. ഈ പദ്ധതിയുടെ വിജയത്തെ ആശ്രയിച്ചാണ് ജർമ്മനിയുടെ ഭാവിയിലെ പല പ്രധാന സംഭവങ്ങളും നടക്കാൻ പോകുന്നത്.

യു. എൻ. ആർ. ആർ. എ. യുടെ ഡയരക്ടർ ജനറാളുടെ പ്രസ്താവന യൂറോപ്പിലെ ഭക്ഷണ ക്ഷാമത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നുണ്ട്. "യൂറോപ്പിൽ നമ്മെ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നം വരുന്ന മഞ്ഞുകാലത്തോടുകൂടി വളരെ ഭയങ്കരമായിതീരുകയും, അതു നമ്മുടെ രാഷ്ട്രീയപ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾക്കുകൂടി ഉപദ്രവമായിതീരുകയും ചെയ്യും."

ഇതിന്നു യു. എൻ. ആർ. ആർ. എ. മുഖാന്തരം അമേരിക്ക മുതലായ മിച്ചരാജ്യങ്ങളിൽനിന്നു ഭക്ഷണം എത്തിച്ചു ഈ അത്യാപത്തിനെ തടയേണ്ടിയിരിക്കുന്നു.

## യോദ്ധാവ്

(ടി. കെ. ചാത്തൻ, വടുതല)

യോദ്ധാവ് — ദീനകുലപരിപാലനത്തിന്നും അത്യാഗ്രഹത്തിന്റെ അതിരില്ലായ്മയെ അടിച്ചമർത്താനും അവതാരംകൊണ്ട അഭൗമശക്തിയുടെ പര്യായപദം! വീരന്നുചേർന്ന ധൈര്യവും, സന്ന്യാസിക്കു ചേർന്ന സന്മനസ്സും അവന്നു സിദ്ധമാണ്! . . . .

ഫാസിസം—സ്ത്രീപുരുഷഭേദമെന്യെ നരലോകത്തെ നിശ്ശേഷം നശിപ്പിക്കുവാൻ പാതാളത്തിന്റെ അത്യഗാധയിൽനിന്നും പൊന്തിവന്ന ഭീകരജലജന്തു, ശാന്തിയും സമാധാനവും കളിയാടിയിരുന്ന മാനവസമുദായത്തെ ചുടലക്കാടാക്കി മാററുവാൻ ആർത്തണഞ്ഞ ബീഭത്സധൂമകേതു, കടിലും കൊട്ടാരവും വേർതിരിച്ചറിയാതവണ്ണം അങ്ങുനിന്നിങ്ങോളം കണ്ടവയെയൊക്കെ കടിച്ചുകീറിയെടുക്കുന്ന പേനായ്! എന്റെ ഖഡ്ഗം പതിക്കേണ്ടതു നിന്റെ ഗളത്തിലാണ്! . . .

കാമിനിയുടെ കൺകോണടിയിൽപ്പെട്ടു കലങ്ങിമറിയാനുള്ളതല്ല ഒരു യോദ്ധാവിന്റെ ഉറച്ച മനസ്സു. കനകക്കുമ്പാരത്തിന്റെ കണ്ണഞ്ചിക്കുന്ന കാന്തിയിൽ മഞ്ഞളിച്ചുപോവാനുള്ളവയല്ല അവന്റെ നയനങ്ങൾ. ശത്രുവിന്റെ പാഞ്ഞടുക്കലിൽ തോററു പായാൻ മാത്രം കെല്പുള്ളതായിരുന്നാൽ പോരാ അവനെഴുന്ന ഹൃദയസ്ഥൈര്യം! . . . .

വാരനാരിയുടെ വകതിരിവില്ലായ്മയെ വലിച്ചു പൊട്ടിച്ചുകൊണ്ട്, നാണയക്കുന്നിന്റെ ഉന്നതിയെ കാലാൽ തട്ടിനീക്കിക്കൊണ്ടു, വൈരികളുടെ പടഗൃഹം വരെക്കും പാഞ്ഞുചെല്ലാൻ പര്യാപ്തമായതായിരിക്കണം അവന്റെ ധീരചിത്തം! . . .

അരിവൃന്ദത്തിന്റെ ഗളനിർഝരിയിൽനിന്നു ഗുളുഗുളുരവത്തോടുകൂടെ തിളച്ചുപൊന്തുന്ന നിണപ്പുഴയിൽ നീന്തിത്തുടിച്ചു പുളകം കൊള്ളാനുള്ളതാണ് അവന്റെ പരിപാവനമായ ജീവിതം. ആ ക്രൂരമൃഗം "മാനവും മര്യാദയും മാനിയാതങ്ങിങ്ങോളം മാനവമഹത്വത്തെ മലിനപ്പെടുത്തിയ" നരാധമൻ ശത്രു വെട്ടി മരിക്കപ്പെട്ടവൻ മരത്തുല്യം നിലം പതിക്കുമ്പോൾ—ഹ! അതെത്ര നിർവ്വാണദമായിരിക്കും—ആ പതനത്തിൽനിന്നും ഉൽഭൂതമാകുന്ന അവസാന ധ്വനി! . . . .

അവന്റെ മൃതശരീരം—യാവനൊരുത്തന്റെ കരുത്തും കരബലവുംകൊണ്ടു ഇന്നലെവരെ ലോകം തകിടം മറിക്കപ്പെട്ടിരുന്നുവോ, ആ ശത്രുവിന്റെ നശ്വരമായ ജഡം—കാക്കയും കഴുകനും കൂടി കൊത്തിക്കീറുമ്പോൾ, നായയും നരിയും ചേർന്നു കടിച്ചു ചീന്തുമ്പോൾ നയനാനന്ദകരമായ ആ കാഴ്ചകണ്ടു കുശാത കഴിയുന്നതും കഴുകിക്കളയുക, അവന്റെ ഭൂതകാലദുർവൃത്തികളുടെ ദുഷിച്ച ഫലങ്ങളേതിലും ലോകസമക്ഷത്തിൽ കിടന്നു തിന്നുതീർക്കുന്നതു കണ്ടു കണ്ണിന്നു പുണ്യം നൽകുക, സ്വകൃത്യ നിർവ്വഹണത്താലുളവായ സംതൃപ്തിയാൽ മനസ്സിന്നു മനോജ്ഞമായ ഒരു മാല്യം ചാർത്തുക, ഇതിലേറെ എന്തൊരാനന്ദമാണ് ഒരു യോദ്ധാവിന്നു തന്റെ ജീവിതത്തിൽ കൈവരാനിരിക്കുന്നതു? . . . .

ഇന്നലത്തെ പുലമ്പൽ ഇന്നത്തെ പ്രവാചകന്റെ പ്രസംഗവിഷയം. ഇന്നത്തെ പ്രവാചകന്റെ പ്രസംഗങ്ങൾ നാളത്തെ മിഥ്യാസൂക്തങ്ങൾ. ഭൂതകാലയുദ്ധകോലാഹലങ്ങൾ വർത്തമാനകാലത്തെ ചൊറുചൊറുപ്പുള്ള യുവയോധാക്കളുടെ ചെഞ്ചോര ചിന്തൽകൊണ്ടു അസ്തമിതപ്രായമായിരിക്കുന്നു. ഇന്നത്തെ യുവയോദ്ധാക്കളുടെ തിളച്ച രക്തം നാളത്തെ സകല വിഷമതകളേയും പാടെ വിപാടനം ചെയ്തുകഴിഞ്ഞിരിക്കുന്നു! . .

മട്ടിതലക്കത്തിന്നുവേണ്ടിയുള്ള അവന്റെ സ്വാർത്ഥപരിത്യാഗം, ദുർമ്മോഹത്തിന്റെ നേർക്കുള്ള അവന്റെ ആഞ്ഞടുക്കൽ, അക്രമത്തിന്റെ മുഖത്തേക്കു അവൻ എടുത്തെറിഞ്ഞ വീരകിയുണ്ടകൾ! ഇവയൊക്കെ നാളത്തെ ലോകത്തിനു വേണ്ടിയൊരു നാകം പടുത്തു കഴിഞ്ഞു.


അവന്റെ ഉപകാരങ്ങളെ ഉപദ്രവമായെണ്ണുന്നതാണ് നന്ദികെട്ട നരലോകം. അവന്റെ ഓരോ സൽപ്രവൃത്തികളും അവർക്കു അവിവേകത്തിന്റെ അരങ്ങേററം പോലെയാണനുഭവപ്പെടുന്നതു. അവന്റെ ധാടിയും മോടിയുമററ വേഷം അവർക്കൊരു പുച്ഛമാണ്. എന്തുചെയ്യാം, നന്മ തിന്മകളെ തിരിച്ചറിയാനുള്ള മനഃപരിഷ്കാരം അവർക്കിനിയും ലഭ്യമായിട്ടില്ല.

ഹേ ശത്രുനാശകനായ വീരയോദ്ധാവേ, അങ്ങാണ് ധന്യരിൽവെച്ചു ധന്യൻ! ഭവാന്റെ നിസ്വാർത്ഥസേവനങ്ങളെ പ്രകീർത്തിച്ചു പാടിക്കൊണ്ടായിരിക്കും ഭാവിയിലെ ഓരോ പുലരിപ്പുതുമയും പാരിടത്തിൽ പ്രത്യക്ഷമാവുക. അങ്ങയുടെ നിർമ്മലകർമ്മങ്ങളുടെ പൂതഭാവം പ്രതിബിംബിച്ചു കാണിക്കുന്നവയായിരിക്കും ഭാവിയിൽ ഇളംതലത്തിൽ ചന്ദനച്ചാറു പൂശാനിരിക്കുന്ന ശരൽക്കാല രാത്രികൾ ഓരോന്നും. ഭവാന്റെ യശസ്സിൽ ആനന്ദനൃത്തം അനുപദമാടിക്കൊണ്ടായിരിക്കും വരാനിരിക്കുന്ന വസന്തർത്തുക്കൾ ഓരോന്നും ഭാവിതലമുറയെ സമീപിക്കുക. അങ്ങു കല്പാന്തകാലത്തോളം ജയിപ്പൂതാക!

സ്വരാജ്യത്തിന്നുവേണ്ടി ആത്മാർപ്പണം ചെയ്യുന്ന ധീരയോദ്ധാവിന്റെയും, സന്മാർഗ്ഗ പഥത്തിലൂടെ സദാ ചരിക്കുന്ന സന്ന്യാസിവര്യന്റെയും, ജീവിതോദ്ദേശം രണ്ടും ഒന്നുതന്നെ—ശത്രുസംഹാരം! പക്ഷെ, ശത്രുക്കൾക്കും ശത്രുസംഹാരത്തിന്നുപയോഗിക്കുന്ന ആയുധങ്ങൾക്കും തമ്മിൽ അജഗജാന്തരമുണ്ടെന്നുമാത്രം.

വിശ്വസമ്പത്തു മുഴുവൻ കാല്ക്കലർപ്പിക്കപ്പെട്ടാലും അണുവും ഇളക്കമേശാത്ത ദൃഢചിത്തത, അതാണവനിൽ കാണുന്ന പ്രത്യേകത. വിജയം അല്ലാസ്സിൽ മരണം. ഇവ രണ്ടുമാണവന്റെ ജീവിതത്തിലെ അന്ത്യഘട്ടം. വിജയിച്ചാൽ വിശ്വവ്യാപകമായ കീർത്തി, മരിച്ചാൽ വീരസ്വർഗ്ഗം: ഇതവനെ—ആ ധീരയോദ്ധാവിനെ—മർത്ത്യരിൽ മികച്ചവനാക്കിത്തീർക്കുന്നു.

## ലോകമഹായുദ്ധം ഇങ്ങിനെ കാണുക




## ആഴ്ചക്കുറിപ്പുകൾ

### ശത്രുവിൻെറ തകൎന്ന കടൽപ്പട

ജാപ്പാൻെറ നാവികസേനയെ ഉപയോഗശൂന്യമാക്കിക്കഴിഞ്ഞുവെന്നുള്ള മി. അർടെമസ് എൽ. ഗേററ്സിൻെറ പ്രസ്താവന വെറും പൊങ്ങച്ചം പറയലല്ലെന്നു സംഭവഗതികൾ തികച്ചും വ്യക്തമാക്കിത്തരുന്നുണ്ടു്. യാതൊരെതിൎപ്പും കൂടാതെത്തന്നെ സഖ്യനാവികസേനയ്ക്കു ജാപ്പു ദ്വീപുകൾക്കു ചുററുപാടും സഞ്ചരിച്ചു കടൽക്കരയിലുള്ള ജാപ്പു നഗരങ്ങളെ ലക്ഷ്യമാക്കി വെടിയുണ്ട പൊഴിക്കുവാൻ സാധിക്കുന്നതുതന്നെ ഇതിന്നു് ഒരു പ്രത്യക്ഷോദാഹരണമത്രേ. ജാപ്പു നാവികസേന എങ്ങിനെയാണു് പോയ് മറഞ്ഞതെന്ന ചരിത്രം തികച്ചും അറിയണമെങ്കിൽ, നമുക്കു പഴയ സംഭവങ്ങളിലേയ്ക്കു തെല്ലൊന്നു കണ്ണോടിക്കേണ്ടിവരും.

ഫിലിപ്പൈൻ ദ്വീപു സമൂഹത്തിലെ ലെയിററ് ദ്വീപിനെ, ജനറൽ മക്ആർതർ ആക്രമിച്ച അവസരത്തിലാണു് അവസാനമായി ജാപ്പു നാവികസൈന്യം രംഗപ്രവേശം ചെയ്തതു്. ആ അവസരത്തിലാണു് കഠിനമായ പരുക്കേററ് ചതഞ്ഞു മുറിഞ്ഞു് അവർ പിന്മാറുകയും ചെയ്തു. ജപ്പാന്നു ഈ യുദ്ധത്തിൽ 58 യുദ്ധക്കപ്പലുകൾ നഷ്ടമായി അന്നു മുതൽ അല്പാല്പമായി സഖ്യസേനകൾ ജാപ്പു കപ്പലുകളെ കൊന്നൊടുക്കിക്കൊണ്ടേ ഇരുന്നു. റിക്യു ദ്വീപ് ആക്രമിക്കപ്പെട്ടപ്പോഴും, ശത്രുവിൻെറ നാവികസേന അനങ്ങിയില്ല. ബോമ്പാക്രമണംമൂലം പിന്നീടു് അവശേഷിച്ചിരുന്ന കപ്പലുകളും കൊള്ളരുതാതെയായിത്തീർന്നു. 3,617 ജാപ്പു കപ്പലുകൾ മുക്കിയതായും 4,501 കപ്പലുകൾക്കു നാശം വരുത്തിയതായും അമേരിക്കൻ കണക്കുകൾ വ്യക്തമാക്കുന്നു. ഇതുകൂടാതെ ബ്രിട്ടീഷ് മുങ്ങിക്കപ്പലുകളും അനവധി ജാപ്പു കപ്പലുകളുടെ നാശത്തിന്നു ഹേതുകമായിട്ടുണ്ടു്. അങ്ങിനെ വളരെ ഒച്ചപ്പാടില്ലാതെ പാവപ്പെട്ട ആ നാവികസേന ഈ ദുരിതസ്ഥിതിയിലെത്തി.

### പ്രാരംഭച്ചുടങ്ങുകൾ

നാവികസേനയിലുള്ള ഈ നഷ്ടവും, വിമാനനഷ്ടവും, വെച്ചുനോക്കിയാൽ ശത്രുവിൻെറ ഇന്നത്തെ പരിതാപകരമായ നില എത്രമാത്രം ഗൌരവമുള്ളതാണെന്നു ബോദ്ധ്യമാകും. അഡ്മിറൽ നിമിററ്സ്, ജനറൽ മക്ആർതർ, ലൂയി മൌണ്ട്ബാററൻ പ്രഭു—പാസഫിക് രംഗത്തിലെ ത്രിമൂർത്തികൾ—എന്നീ നേതാക്കന്മാർ തമ്മിൽ മണിലയിൽ വെച്ചുണ്ടായ കൂടിയാലോചനകളും, അതിനെത്തുടർന്ന പോട്സ്ഡാമിൽ മൌണ്ട്ബാററൻ പ്രഭു ത്രിമൂർത്തി സമ്മേളനത്തിൽ ഹാജരായതും പ്രസ്താവ്യമായ കാര്യങ്ങളാണു്. ഇതിനെത്തുടൎന്നാണല്ലോ ചർച്ചിൽ, ട്രൂമാൻ, ചിയാങ്ങ്കൈഷേക് എന്നീ സഖ്യനേതാക്കന്മാർ ജപ്പാന്നു അന്ത്യശാസനം നൽകിയതും. ഈ വസ്തുതകളെല്ലാംതന്നെ കാററേതോട്ടാണു തിരിഞ്ഞടിക്കുന്നതെന്നു കാണിക്കുന്ന വയ്ക്കോൽത്തുരുമ്പുകളാണു്.

റിക്യു ദ്വീപുകളിൽ താവളങ്ങൾ നിർമ്മിക്കുന്നതിന്നു ജനറൽ മക്ആർതർ ആരംഭിച്ചുകഴിഞ്ഞു. ജപ്പാനെ കടന്നാക്രമിക്കുന്നതിന്നുള്ള ഒരു പ്രാരംഭകൃത്യമായിരിക്കണം ഇതു്. ആദ്യമായിത്തന്നെ സഖ്യശക്തികൾ ജപ്പാനെ നേരിട്ടു ആക്രമിക്കാനാണു് ഭാവമെന്നു തോന്നുന്നു. അല്ലാത്തപക്ഷം ജപ്പാൻെറ കണ്ണിൽ മണ്ണിട്ടു, മററാരിടത്തു ആക്രമണം തുടങ്ങുന്നതിന്നുമായിരിക്കാം. ഇപ്പോൾ ഈ പരിപാടി നടപ്പിൽ വരുത്തുന്നതിന്നു ലേശം വിഷമകരമായി നിൽക്കുന്ന ഒരു സംഗതിയുണ്ടു്: യൂറോപ്പിൽനിന്നു സേനകളെ പാസഫിക്കിലേയ്ക്കു കൊണ്ടുവരുന്നതിലുള്ള താമസം. എന്നാൽ, ഈ ഇടക്കാലം വൃഥാവിലാക്കാൻ പോകുന്നില്ല. നാവികസേനയും, വിമാനസേനയും അവയുടെ കർത്തവ്യം തികച്ചും ഊർജ്ജസ്വലമായിത്തന്നെ നിർവ്വഹിച്ചുവരുന്നുണ്ടു്. ജപ്പാനെ ബ്ലോക്കേഡ് ചെയ്യുന്നതിന്നായി മൈനുകളിട്ടിരിക്കുന്നതിൻെറ ഉദ്ദേശ്യം ഏഷ്യയിൽനിന്നു സേനകളെ കൊണ്ടുവരാൻ ജപ്പാനെ അനുവദിക്കാതിരിക്കുന്നതിന്നാണു്.

### ബർമ്മയിൽ

മൌണ്ട്ബാററൻ പ്രഭുവിൻെറ കേന്ദ്രത്തിൽ നിന്നുള്ള ഒരു പ്രസ്താവനപ്രകാരം പെഗുയോമാസ് സമരത്തിൽ 10,000 ജാപ്പുകൾക്കു പരുക്കേററതിൽ 9,000 പേരും മൃതരായിരിക്കുന്നു. സിററാങ്ങ് നദിക്കരയിൽ പലയിടത്തും സമരം ഇപ്പോഴും നടന്നുവരുന്നു ചിന്നിച്ചിതറപ്പെട്ട 28-ാം ജാപ്പു സേനയുടെ അവശിഷ്ടങ്ങളെ ബർമ്മയിൽനിന്നു തികച്ചും അടിച്ചു വെടിപ്പാക്കുന്നതിന്നു കുറച്ചു കാലതാമസം നേരിടും. ഫിലിപ്പൈനിലും 5,000 ജാപ്പുകളെ ഈയിടെ പിടിച്ചു നശിപ്പിച്ചതായി കേൾക്കപ്പെടുന്നു. ഇതേ സമയത്തു തെക്കുകിഴക്കൻ ഏഷ്യയിൽ വിമാനസേന കാര്യക്ഷമമായ രീതിയിൽ പ്രവർത്തനം തുടർന്നുവരുന്നുണ്ടു്. മൌണ്ട്ബാററൻ പ്രഭു യൂറോപ്പിൽനിന്നു മടങ്ങിയെത്തിക്കഴിഞ്ഞു. അദ്ദേഹത്തിൻെറ ഇനിയത്തെ പ്ലാൻ എന്തായിരിക്കുമെന്നു വ്യക്തമാണു്.

### ഫ്രാങ്കോവിൻെറ കസർത്തുകൾ

ഫ്രാങ്കോവിന്നു പോട്സ്ഡാം സമ്മേളനത്തിൽനിന്നുകിട്ടിയ മറുപടി തികച്ചും വ്യക്തമാണു്. വളരെ തുറന്ന ഭാഷയിലാണു്, ആയാളെപ്പററി എന്താണു് ത്രിശക്തികൾ കരുതിയിരിക്കുന്നതെന്താണെന്നു പ്രസ്താവിച്ചിട്ടുള്ളതു്. ഫ്രാങ്കോവിൻെറ പഴയ പ്രവർത്തനങ്ങളും, കൂട്ടുകെട്ടും നോക്കിയാൽ അറിയാം ആയാളേതു ചേരിയിലാണെന്നു്. ജനകീയവാദിയാകാൻ ഫ്രാങ്കോ എത്ര ശ്രമിച്ചാലും അതു് അസാദ്ധ്യമാണു്. തന്നെ അവമാനിക്കുന്നതു് "കമ്മ്യൂണിസ്റ്റ് സ്വാധീനം"മൂലമാണെന്നു ഫ്രാങ്കോ പറഞ്ഞു വരുത്തുന്നുണ്ടു്. ഫ്രാങ്കോവിന്നു ഇപ്പോഴും ജനകീയതത്വത്തിൻെറ ശക്തി മനസ്സിലായിട്ടില്ല. ജനങ്ങളുടെ ഓർമ്മശക്തി വളരെ ചെറുതാണെന്നു ആയാൾ തെററിദ്ധരിക്കുന്നു.

ഇമ്പാച്ചിപ്പടി ഇളക്കിവിട്ടാൽ പിടഞ്ഞു നിലവിളിക്കുന്നതിന്നു അത്രമാത്രം കൊച്ചുകുട്ടികളല്ല ജനങ്ങൾ അവരിൽ സ്വാതന്ത്ര്യബോധം അധികരിച്ചിരിക്കുന്നു. ശത്രുമിത്രങ്ങളെ വേർതിരിച്ചറിയാൻ അവർക്കു കഴിവുണ്ടു്. ആ കഴിവ് അടുത്തുതന്നെ ഫ്രാങ്കോവിൻെറ അസംബന്ധപ്രലപനങ്ങൾക്കു മറുപടി പറയുമെന്നു് തീർച്ചയാണു്.

## രക്തരശ്മി

(കെ. ജി. സേതുനാഥ്)

സന്തതോത്സാഹമാണെങ്കിലും, മാനസം
നൊന്തു, നൊന്തേവം കഴിവു ഞാൻ, നായക!
സാഗരംതീർന്ന പടിഞ്ഞാറു്; മേലുമെൻ
മംഗല്യകാലം മയങ്ങിക്കിടക്കയാം.
ഓരോ പുലച്ചയും രക്തകുംഭങ്ങളാൽ
ധാരകോരിച്ചു കിഴക്കൻ ഗിരികളെ.
വർണ്ണത്തുടുപ്പാൎന്ന സന്ധ്യാംബരാഭകൾ
വർണ്ണിച്ചിരുന്നു, ഭവൽഘോരസംഗരം.
കാളാംബുദങ്ങൾ തെളിയിച്ചിരുന്നു നിൻ
വാളിൻെറ വൈഭവം, ചഞ്ചൽച്ഛവികളിൽ
പൂക്കുന്ന പൂക്കുന്ന പൂക്കളിലൊക്കയും
വാഴ്കും നിണത്തിൻെറ നിസ്തുല്യരശ്മികൾ
കണ്ടു, കണ്ടേവം കഴിയുന്നു ഞാൻ വിഭോ,
കണ്ടകാതങ്കത്തിലും നിൻ രാഗസങ്കരം.
അററററുമുന്നിൽ പതിക്കും പകലിൻെറ
കററത്തലകൾ-നിശ്ശീഥങ്ങളെണ്ണിയും
നിസ്സീമമോഹം വിതുമ്പും മനസ്സിലാ-
സുസ്വരത്രപം സ്മരിച്ചും, തപിച്ചുമായ്
വാടാവിളക്കും കൊളുത്തി, പ്രതീക്ഷതൻ
വാതിലും ചാരി ഭവന്നാമലോലയായ്
വാഴുന്നു, ഞാൻ പ്രഭോ, നീ പോയ പോക്കിലീ
യേഴക്കു നൽകിയ ചുംബനസ്മൃതിയാൽ!

* * *

'പോരും', നിറുത്തിയി തപ്താംഗനയ്ക്കൊരു
ചാരുസ്വപ്നം നീയണക്കുമെന്നാകിലൊ?

ഹിററ്ലർക്കും തടുത്തുനിർത്താനാവാത്ത സംഗീത നിർഝരി

## *അന്ധഗായകൻ

(വൈ. മകാറൻകോ.)

കുമിളപൊന്തിയ വരണ്ട വിരലുകൾ 'കോബ്സാ' (ഉക്രേനിയൻ സംഗീതോപകരണം) യുടെ തന്തികളിൽ തത്തിക്കളിച്ചു. തെരുവിലെ തിരക്കൊച്ചകളേയും ഭേദിച്ചു മധുര രാഗങ്ങളും സരസ പ്രലാപങ്ങളും ഒന്നിടവിട്ടു പൊങ്ങിയൊഴുകി. അല്പാല്പം ഉയർന്നുയർന്നു ഒരു ഗദ്ഗദത്തോടെ കോബ്സാർ അദ്ദേഹത്തിൻെറ പഴയ പാട്ടുകൾ ആവർത്തിച്ചു.

അദ്ദേഹം ആ കോബ്സമേൽ കുനിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ കാലുകൾക്കൊപ്പം ഹിമാവൃതമായ നിലത്തു കുന്തളം പ്രഭാതത്തിലെ പൊടിമഞ്ഞു ചേർന്നു നരച്ചമട്ടിൽ കാണപ്പെട്ടു. കനത്ത കാററു അദ്ദേഹത്തിൻെറ അനാഛാദിത മുടിക്കു ഞെറിവെക്കുകയും ആ ഗാനവൈഖരിയെ പട്ടണപ്രാന്തത്തിലേക്കു ഉന്നയിക്കുകയും ചെയ്യു. ആഴംകൂടിയ ചുളിവുകൾ നശ്ചേഷ്ടമായ ആ മുഖത്തു ചാലുകൾ നിർമ്മിച്ചു. വളരേ മുമ്പുതന്നെ കാഴ്ച നഷ്ടപ്പെട്ട കണ്ണുകൾ നിബിഡങ്ങളായ പുരികങ്ങൾക്കുള്ളിൽനിന്നു നിർജ്ജീവമായി പ്രകാശിച്ചു.

സുപരിചിതവും ആകർഷണീയവുമായ ശബ്ദം നിർഗ്ഗമിക്കുന്ന സ്ഥലത്തേക്കു തിരക്കുന്ന ആളുകൾ അഭിപ്രായപ്പെട്ടു "ബോറിസ് കോബ്സാർ ജീവിക്കുന്നു; അദ്ദേഹം ജീവിച്ചിരിക്കുന്നുണ്ടു" എന്നു്.

അദ്ദേഹം ദുർഗ്ഗുണരായ മൃഗങ്ങളെ—ജർമ്മൻകാരെ—ഏററവും പ്രിയപ്പെട്ട ഉക്രേനിൽനിന്നു അകററിക്കളയുന്നതിനേയും പവിത്രവും പരാക്രമപൂർണ്ണവുമായ ചുവപ്പുപട പ്രദേശങ്ങളെ വിമുക്തമാക്കി വരുന്നതിലുള്ള സന്തോഷത്തേയും കുറിച്ചു പാടി. സോവിയററു സേനയുടെ സുശക്തമായ ചുവടുവെപ്പും, അന്തരീക്ഷത്തിൽ യന്ത്രങ്ങളുടെ അലർച്ചയും, ആർട്ടിലറികളുടെ സ്തനിതസ്വനങ്ങളും, വിജയവിളികളും, വിജയധ്വനികളും പടകളുടെ പരിഭ്രമതയും, കുളമ്പുകളുടെ ചെണ്ട കൊട്ടലുകളും ആ ഉപകരണത്തിൽ കേൾക്കാമായിരുന്നു.

ഒരു കൂട്ടം ആളുകൾ കോബ്സായുടെ ചുഴവും വന്നുകൂടി. അനാവരണ ശിരസ്കരായ വൃദ്ധരും, സ്ത്രീകളും കുട്ടികളും ഒരു ചെറിയ വൃത്തപരിധിക്കുള്ളിൽ ചെന്നുനിന്നു. നിരവധി തവണ കോബ്സായുടെ സുപരിചിതമായ ആ ഉദ്ദീപകസ്വരം അവർ ആസ്വദിച്ചിട്ടുണ്ടു്. പക്ഷെ ഇപ്പോൾ അതു അല്പം വ്യത്യസ്തമായിരുന്നു. പ്രാസമസൃണമായ ആ ശബ്ദനിർഝരിയ്ക്കു ഒന്നോടൊന്നു പിറകെ വന്ന പാട്ടുകൾ ചേർന്നു ഉൽപ്ലവിതച്ചിറകുകളായിപ്പറന്നു.

ഞാൻ കുരുടനായ ഈ കോബ്സാറുടെ കഥ പറഞ്ഞുകൊടുത്തു. വളരെക്കൊല്ലങ്ങളോളം നീപ്പർതീരങ്ങളിൽ അയാൾ പാടിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കോബ്സമേൽനിന്നും, വിനിർഗ്ഗളിച്ച ആ സുമധുരസ്വരം പ്രാചീന 'പെരിയാസ്ലാ'വിലും 'കീവിലെ' തെരുവുകളിലും 'ബോറിസ് പോളി'ലേയും 'ഡാർനിസ്റ്റ'യിലേയും ബജാറുകളിലും മാറെറാലിച്ചു. അവ 'ബറിംഗോ'വിലേക്കും ഉയർന്നു ചെന്നിരുന്നു.

ജർമ്മൻകാർ ഉരുക്കും തീയുംകൊണ്ടു ഉക്രേനിനെ ആക്രമിക്കുകയും നീപ്പറിൻെറ കരകളെ അതിക്രമിക്കുകയും ചെയ്യപ്പോൾ വൃദ്ധകോബ്സാർ മാർക്കററുകളിലേക്കും പട്ടണങ്ങളിലേയും ഗ്രാമങ്ങളിലേയും നിശ്ശബ്ദമായ തെരുവുകളിലേക്കും വെള്ള വീശിയ കെട്ടിടങ്ങളിലേക്കും മാടങ്ങളിലേക്കും സഞ്ചരിച്ചു. പാദാവരണം ധരിക്കാത്ത ഒരു ചെറുക്കൻ വീടുകളിൽനിന്നു വീടുകളിലേക്കും, ഗ്രാമങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്കും, പട്ടണങ്ങളിൽനിന്നു പട്ടണങ്ങളിലേക്കും അദ്ദേഹത്തെ നയിച്ചു.

* * *

അദ്ദേഹത്തിൻെറ ശബ്ദം വ്യസനപൂർണ്ണമായിരുന്നു. കഴിഞ്ഞ സുഖമയ കാലങ്ങളെയും ഇപ്പോൾ ജർമ്മൻകാരാൽ വീടുകൾ നശിപ്പിക്കപ്പെട്ട പാവങ്ങളേയുംപററി അദ്ദേഹം പാടി. എവിടവും സ്വാഗതാർഹനായ ഒരതിഥി; തളൎന്ന യാത്രക്കാരുടെ തീകുണ്ഡത്തിനടുത്തോ, നാട്ടരികിലെ കെട്ടിടങ്ങളിലോ രാത്രി അദ്ദേഹത്തിനു അഭയം കിട്ടിയിരുന്നു. ക്രോധത്തോടും പ്രബോധനസ്വരത്തിലും അദ്ദേഹം പാടി.

കോബ്സാറുടെ ശബ്ദം കൂടുതൽ ഉയർന്നു ആവേശത്താൽ ഉത്തേജനകമായിത്തീർന്നു. വസന്തത്തിൽ അദ്ദേഹത്തെ ബന്ധനത്തിലാക്കി നിലവറയിലടയ്ക്കപ്പെട്ടു.

ആ ഗായകനെ തോക്കുകൊണ്ടു മട്ടിച്ചു ഒരു ഭടൻ അന്വേഷിച്ചു 'താനൊരു ഒളിഭടൻ.... അല്ലേ?'

'ഞാനൊരു കുരുടയാചകനാണു്' എന്നായിരുന്നു പ്രശാന്തമായ മറുപടി.

അദ്ദേഹം പട്ടിണികിടന്നിട്ടുണ്ടു. പൂജനീയമായ ആ നരച്ച തലമേലും കൈമേലും വടി കൊണ്ടടിയേല്ക്കപ്പെട്ടിട്ടുണ്ടു്. എല്ലാ യാതനകളും അദ്ദേഹം ക്ഷമാപൂർണ്ണം സഹിച്ചു. എന്നിട്ടും കുറേ കാലത്തേക്കു കോബ്സ അയാളിൽനിന്നും അവർ മാററിവെച്ചു.

ഒരു രാത്രി ജെയിലിൻ തലവൻ തടവറയിൽ വന്നു കോബ്സാ രണ്ടാക്കിനുറുക്കിക്കളഞ്ഞു. ഒരു മണിക്കൂറിനുശേഷം ആയാളുടെ അനുചരപാലകർ തടവിൽനിന്നും വൃദ്ധനെ വലിച്ചിഴച്ചു ചളിയിലെറിഞ്ഞു. അന്ധഗായകൻ അടുത്ത ഒരു വീട്ടിലേക്കു ഇഴഞ്ഞു ചെന്നു. അവിടെ അദ്ദേഹത്തിനു അഭയം ലഭിക്കപ്പെട്ടു.

അല്പദിവസം കഴിഞ്ഞു. വീണ്ടും തെരുവുകളിൽ കുരുട ഗായകൻ 'കോബ്സാറുടെ' നാദം മുഴക്കി. അദ്ദേഹത്തിൻെറ പഴയ മുട്ടിൻകാലുകളിൽ ഒരു പുതിയ കോബ്സ സ്ഥലംപിടിച്ചു. അതു ഗ്രാമീണരിൽ ഒരാൾ ചെറിംഗോവിലെ കാട്ടുകൊല്ലികളിൽ ഒളിപ്പിച്ചു വെച്ചിരുന്നതും ഇപ്പോൾ പുറത്തെടുത്തു അദ്ദേഹത്തിനു സമ്മാനമായി കൊടുത്തിരുന്നതുമായിരുന്നു.

ഒരു ശിശിരവും വസന്തവും കഴിഞ്ഞു. കുട്ടിയുടെ കാലടികളെ തുടർന്നു ടൌണിൽനിന്നു ടൌണിലേക്കും വില്ലേജിൽനിന്നു വില്ലേജിലേക്കും ജന്മസ്ഥലമായ ഡനീപ്പറിൽകൂടി വടിയൂന്നി കാററും തണുപ്പും വെള്ളപ്പൊക്കവും ഗണിക്കാതെ അദ്ദേഹം നടന്നു.

വീണ്ടും ജർമ്മൻകാരാൽ പിടിക്കപ്പെട്ടു അദ്ദേഹം ജയിലിലടക്കപ്പെട്ടു.

അതേ ചോദ്യങ്ങൾ; അതേ താഡനങ്ങൾ; തലയിലും മുഖത്തും വീണ്ടും രക്തമൊഴുകി; വീപ്പുമുട്ടി; കൈകൾ ചതക്കപ്പെട്ടു.

'എവിടെ ഒളിഭടന്മാർ?'

'ഒരു അലഞ്ഞുനടക്കുന്ന കുരുടനെങ്ങിനെയറിയും ഒളിഭടന്മാർ എവിടെയാണെന്നു്?'

ജർമ്മൻകാർ അദ്ദേഹത്തെ അടിച്ചുവിട്ടു. സോവിയററു പീരങ്കികൾ നദികൾക്കു പരിചീറിവായുമ്പോഴും കോബ്സാർ അദ്ദേഹത്തിൻെറ അതേ അററത്തെ ഉച്ചത്തിൽ പാടി. പുതിയ പാട്ടുകൾ, പുതിയ വാക്കുകൾ, പുതിയ വൃത്തങ്ങൾ ആ അനുസരണമുള്ള ആ തന്ത്രികളുടെ ചലനങ്ങളും അതോടൊപ്പം പുറപ്പെട്ടു.

* ഒരു സോവ്യയററു കഥ.

തര്‍ജ്ജമ കെ. ബാലകൃഷ്ണക്കുറുപ്പ്.

ഒതേനന്റെ മരുമക്കളും അമ്മാമനെക്കാൾ വീരന്മാരാണെന്നു

തെളിയിച്ച ഒരു മലയാളി യോദ്ധാവ്

# മി. ഇ. മാധവൻകുട്ടി നായർ

(കുമാർ)


അടുത്തകാലത്തു "മിലിററി ക്രോസ്" ബഹുമതി ലഭിച്ച മിസ്റ്റർ ഇ. മാധവൻകുട്ടി നായരെ അടുത്തു പരിചയപ്പെടുവാൻ എനിക്ക് സാധിച്ചു. മി. മാധവൻകുട്ടി നായർ "സാപ്പേർസ് ഏൻറ് മൈനേർസി"ൽ ചേർന്നു ബർമ്മാസമരത്തിനുപോകുന്ന അവസരത്തിൽ മദിരാശിയിൽവെച്ച് ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുവാനും, പരിചയപ്പെടുവാനും ഇടയായി.

വെളുത്തു, സാമാന്യം ഉയരമുള്ള ഒരാൾ, അത്ര മാത്രമാണ് മി. നായരെപ്പററി പ്രഥമദർശനത്തിൽ ഒരാൾക്കു തോന്നുന്നതു്. വളരെ തടിച്ചതല്ലെങ്കിലും വളരെ ബലിഷ്ഠമായ ശരീരമാണ് മി. നായരുടേതു്. മുഖത്തു കേവലം ഒരു ശാന്തവും പ്രസന്നവുമായ ഭാവം. യുദ്ധരംഗത്തു അത്രത്തോളം പ്രശോഭിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹമെന്ന് ആരും വിചാരിക്കുകയില്ല. പക്ഷെ ആ പ്രശാന്തതയുടെ അടിത്തട്ടിൽ സ്ഥിരമായ ധൈര്യവും, സ്ഥൈര്യവും, ഉത്തരവാദിത്വബോധവും, ആത്മാർത്ഥതയും കിടപ്പുണ്ട്. അമിതമായ സംഭാഷണംകൊണ്ടോ, അഹംഭാവപ്രദർശനംകൊണ്ടോ മി. നായർ തന്നെപ്പററിയുള്ള മതിപ്പു ആരിലും വർദ്ധിപ്പിക്കുവാൻ പരിശ്രമിച്ചിരുന്നില്ല; ആഗ്രഹിച്ചതുമില്ലതന്നെ.

മി. നായർ, ബർമ്മായുദ്ധരംഗത്തായിരുന്നു. ഒരു ദിവസം വർത്തമാനക്കടലാസുകളിൽ ഞാൻ വായിച്ചു മി. മാധവൻകുട്ടി നായർക്കു "മിലിററി ക്രോസ്സ്" ബഹുമതി ലഭിച്ചിരിക്കുന്നുവെന്ന്. തെൻ ഇന്ത്യയിൽനിന്ന് ഒരാൾക്കു ഈ ബഹുമതി ഈ യുദ്ധത്തിൽ കിട്ടുന്നതു അതു ആദ്യമായിട്ടായിരുന്നു. അതൊരു മലയാളിക്കും! ഞാൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കളോടൊപ്പം സന്തോഷിച്ചു. മി. നായർ തന്റെ കീഴിലുള്ളവർക്കു ഒരു മാതൃകയും, പ്രചോദനവുമായിരുന്നുവെന്നും, അനന്യസാധാരണമായ ധൈര്യംകൊണ്ടു ചില വിജയങ്ങൾക്കു കാരണഭൂതനായിരുന്നുവെന്നും മാത്രമാണ് കടലാസിൽനിന്നും മനസ്സിലാക്കാൻ സാധിച്ചതു്. അദ്ദേഹത്തിന്റെ പരാക്രമങ്ങളെപ്പററി പൂർണ്ണമായറിവാൻ ഞാൻ ആഗ്രഹിച്ചു.

കുറച്ചു മാസങ്ങൾക്കുശേഷം മി. നായർ അവധിക്ക് നാട്ടിൽ പോകുന്ന വഴിക്ക് മദിരാശിയിൽ വെച്ചു ഞാൻ അദ്ദേഹത്തെ വീണ്ടും കാണാനിടയായി. അതേ മുഖഭാവം, അതേ ആൾ. ഞങ്ങൾ പലതിനെക്കുറിച്ചും സംസാരിച്ചു. അദ്ദേഹത്തിന്നു കിട്ടിയ ബഹുമതിയെക്കുറിച്ചു അദ്ദേഹമെന്തെങ്കിലും പറയുമെന്ന് ഞാനാശിച്ചിരുന്നു. പക്ഷെ മി. നായർ അങ്ങിനെയൊരു സംഗതി ഓർമ്മയുള്ളതുപോലെക്കൂടി നടിച്ചില്ല. അവസാനം ഞാൻ മി. നായരോടു അദ്ദേഹം "മിലിററി ക്രോസ്സ്" ബഹുമതിക്കു അർഹനായ സംഭവങ്ങളെക്കുറിച്ചു കേൾക്കുവാൻ ആഗ്രഹിക്കുന്നു എന്നു പറയേണ്ടിവന്നു.

അതൊന്നും അത്രത്തോളം 'കൊട്ടിഘോഷി'ക്കത്തക്കതല്ലെന്ന ഒരു മുഖഭാവത്തോടെ മി. നായർ തന്റെ കഥ ചുരുക്കിപ്പറഞ്ഞു. ബർമ്മാ കേംപേയിനിൽ നമ്മുടെ സൈന്യം സ്വീകരിച്ചിരുന്നതു ഒരു പുതിയ പദ്ധതിയായിരുന്നു. പിടിച്ചിടത്തോളം സ്ഥലം പ്രബലമാക്കിവെച്ചു പിന്നീടു അവിടെനിന്ന് വീണ്ടും മുന്നോട്ടു പോവുക എന്ന സാധാരണ നിയമമല്ലത്രെ അവർ തുടർന്നതു്. ഒരു ഗ്രാമം ആക്രമിച്ചു പിടിക്കുക, അന്നു രാത്രിക്കുമുമ്പു വീണ്ടും താവളത്തിലേക്കു തന്നെ മടങ്ങുക എന്നതായിരുന്നുവത്രെ അവരുടെ നയം. ഒരു ദിവസം കാലത്തു മി. നായർ മൂന്നു ടാങ്കുകളോടുകൂടി പുറപ്പെട്ടു. വഴിക്കു മുഴുവൻ ജാപ്പാൻകാർ "മൈൻ" കുഴിച്ചിട്ടിരുന്നു. മി. നായർ അനവധി "മൈൻ" അന്നു നീക്കം ചെയ്തു. ഈ സമയത്തെല്ലാം അടുത്തുള്ള കാട്ടിൽനിന്ന് ജാപ്പാൻകാർ വെടിവെച്ചുകൊണ്ടിരുന്നു. അന്ന് വൈകുന്നേരം അവർ മടങ്ങുന്നവഴിക്കു ഒരു ചെറിയ 'കാന' കടക്കേണ്ടതുണ്ടായിരുന്നു. രണ്ടു ടാങ്കുകളും കടന്നു മുന്നോട്ടു പോയി; കാന കടക്കുന്ന സമയത്തു ടാങ്കിൽ ഇരിക്കുന്നതു അപായ



കരമായതുകൊണ്ടു മി. നായരും ടാങ്കിലുണ്ടായിരുന്നവരും ഇറങ്ങി നടന്നു. 'കാന' കയറിക്കടന്നതും ടാങ്ക് ഒരു 'മൈനി'ന്മേൽ കയറിയതും ഒന്നിച്ചുകഴിഞ്ഞു. അതായതു, അന്ന് കാലത്തു അവർ മൈൻ നീക്കം ചെയ്തിരുന്നയിടത്തെല്ലാം കാട്ടിൽ ഒളിച്ചിരിക്കുന്ന ജാപ്പാൻകാർ വീണ്ടും മൈൻ വെച്ചിരുന്നു. മൈൻ പൊട്ടി ടാങ്കിന്നു കേടുപററി. മി. നായരും, കൂട്ടുകാരും കുറച്ചു ദൂരത്തുചെന്ന് നിന്നു. ടാങ്കിൽ വിലപിടിച്ചതും, ശത്രുക്കൾക്കു ഉപകാരപ്രദമാവുന്നതുമായ പല സാമാനങ്ങളും ഉണ്ടായിരുന്നു. അതു നീക്കം ചെയ്യണം. ഇതിനിടക്കു നാലുപുറത്തുനിന്നും ജാപ്പാൻകാർ വെടിവെപ്പുതുടങ്ങി. വെടിയുണ്ടകൾ നാലുപാടുനിന്നും ചീറിവന്നു. സാമാനങ്ങൾ നീക്കം ചെയ്യാനുമിരിക്കുന്നു. മി. നായരുടെ ഉത്തരവാദിത്വബോധവും, ധൈര്യവും ബാക്കിയുള്ളവർക്കു ഒരു മാതൃകയും, പ്രചോദനവുമായത പ്പോഴാണ്. ചീറിത്തുടുത്തു വരുന്ന ഉണ്ടകൾക്കിടയിലൂടെ മരണത്തിന്റെ വായിലേക്കു മി. നായർ ജീവഭയമില്ലാതെ മുന്നോട്ടു ചെന്നു. ടാങ്കിലുള്ള സാധനങ്ങൾ മുഴുവൻ, ഓരോ നിമിഷവും തന്റെ ജീവനെ ബലിയർപ്പിക്കാനുറച്ചുകൊണ്ടു അദ്ദേഹം നീക്കം ചെയ്തു. പരിസരങ്ങൾ പരിശോധിച്ചു നോക്കി, അവിടെനിന്നു വീണ്ടും കുറെ മൈനുകൾ നീക്കം ചെയ്തു. അങ്ങിനെ അന്ന് മി. നായർ ശത്രുസമൂഹത്തെ ഒന്നാകെ നിസ്സംഹരിച്ചു.

മി. നായരോടു വീണ്ടും ഞാൻ പല ചോദ്യങ്ങളും ചോദിച്ചു. അതിന്നെല്ലാം എനിക്കു കിട്ടിയ മറുപടിയിൽനിന്നു അദ്ദേഹം പല തവണയും ജീവനെ അവഗണിച്ചു ഇതേപ്രകാരം പ്രവർത്തിച്ചിട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. വെടികൊണ്ടു കേടുവന്നുപോയ ഒരു ടാങ്കിൽനിന്നു ഒരു ടാങ്ക് ഓഫീസറെ അദ്ദേഹം രക്ഷപ്പെടുത്തുകയുണ്ടായി. ഇതും ജാപ്പാൻകാർ നാലു ഭാഗത്തുനിന്നും വെടിയുണ്ടകളും മോർട്ടാറും അയച്ചുകൊണ്ടിരിക്കുന്നതിനിടക്കായിരുന്നു. കുറെയധികം മുന്നോട്ടു പോയിക്കഴിഞ്ഞ ഒരു സേനക്കു ഒരു സന്ദേശം എത്തിക്കേണ്ടതുണ്ടായിരുന്നു. സന്ദേശവാഹകന്ന് മുന്നോട്ടു പോകുവാൻ നിവൃത്തിയില്ലാത്ത ഒരു ഘട്ടമായി. സന്ദേശം എത്തിക്കുകയും വേണം. ആർ ആ ഉത്തരവാദിത്വപ്പെട്ട ജോലി ഏറെറടുക്കും? ഷെല്ലിങ്ങും, റൈഫിൾ ഫൈയറും, മോർട്ടാറും എല്ലാം തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്നു. ജീവനെ അവഗണിച്ചു മി. നായർ വീണ്ടും മുന്നോട്ടു വന്നു. ആ ഭയങ്കരമായ അഗ്നിപ്രവാഹങ്ങൾക്കിടയിലൂടെ മി. നായർ നൂന്ന് നുഴഞ്ഞ് തന്റെ ഉത്തരവാദിത്വം നിറവേററി. ഇങ്ങിനെ പലതും.

മി. നായർ ഈ കഥയെല്ലാം പറയുമ്പോൾ, അവയെല്ലാം ഒരു സാധാരണ സംഭവങ്ങളുടെ ഗൌരവമേ കല്പിക്കുന്നുള്ളു. പക്ഷെ കേട്ടുകൊണ്ടിരിക്കുന്നവർക്കു ഒരു രോമാഞ്ചമാണ് ഉണ്ടാകുന്നതു്. ഏററവും ആപൽക്കരമായ കാര്യങ്ങൾ കീഴുദ്യോഗസ്ഥന്മാരെ ഏല്പിക്കാതെ താൻ തന്നെ ചെയ്യുക എന്നതായിരുന്നു മി. നായരുടെ നിയമം.

മി. നായരുടെ സ്വദേശം ഏറനാടു താലൂക്കിലുള്ള മഞ്ചേരിയാണ്. സ്കൂളിൽ പഠിക്കുന്ന കാലത്തു മി. നായർ ഫുട്ബോൾ, ഹോക്കി എന്നീ കളികളിൽ യുദ്ധക്കളത്തിൽ ഭടന്മാരെന്നപോലെ, മററു വിദ്യാർത്ഥികൾക്കു ഒരു പ്രചോദന ഹേതുവായിരുന്നുവത്രെ.

തെക്കെ ഇന്ത്യയിൽനിന്നു ആദ്യമായി "മി. ക്രോസ്സി"ന്നർഹനായ ഈ മലയാളി യുവാവിനെപ്പററി നമുക്കെല്ലാം നിശ്ചയമായും അഭിമാനിക്കാം. അദ്ദേഹത്തിന്നിപ്പോൾ 'കിങ്ങ്സ് കമ്മീഷൻ' കിട്ടിയിട്ടുണ്ട്. ജാപ്പാൻകാരുമായുള്ള സമരത്തിൽ സ്തുത്യർഹമായ അനവധി നേട്ടങ്ങൾ ഇനിയും മി. നായർക്ക് വരാനുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ലോകസമാധാനത്തിന്നും, രക്ഷക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഈ നിസ്സ്വാർത്ഥമായ പ്രവർത്തനങ്ങളുടെ പരിപൂർത്തിക്കുവേണ്ടി, മി. നായർ ചിരായുഷ്മാനായിരിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കുക.

## അഭ്യർത്ഥന

(കെ. കെ. ജാനകിയമ്മ.)

പുല്ലാംകുഴലെടുത്താലും, പുതുമ, ത-
ന്നുല്ലാസഗീതങ്ങൾ പൊങ്ങട്ടെയെങ്ങുമേ!

എല്ലാം കഴിഞ്ഞു, നശിച്ചു ജഗത്തിനെ-
വെല്ലാൻ തുനിഞ്ഞതാം മർദ്ദകശക്തികൾ.

ഫുല്ലമായ് മെല്ലെ വികസിച്ചു നിൽക്കുന്നി-
തുല്ലസൽശാന്തിതൻ തങ്കക്കിനാവുകൾ.

ഇല്ലിനിമേലിലുയരില്ല, ഫാസിസം,-
തെല്ലുമിപ്പാരിൽപ്പടയെടുത്തീടുവാൻ.

പുല്ലാംകുഴലെടുത്താലും കവേ, ഭവൽ-
ക്കല്യാണസംഗീത കല്ലോലമാലയിൽ,

മുങ്ങിക്കുളിച്ചു കുളിക്കട്ടെ മന്നിന്റെ-
തുംഗനിരാശത തിങ്ങിയ ഹൃത്തടം.

നിർമ്മലശാന്തിതൻ വിത്തുകൾ പാകട്ടെ,
നിൻവേണുതന്നിൽ നിന്നൂറുന്ന മാധുരി.

എല്ലാ ജനങ്ങളും കാത്തിരിക്കുന്നു നിൻ-
സ്വർല്ലോകസംഗീതപീയൂഷമെപ്പൊഴും.

ശാശ്വതശാന്തിതൻ ഗീതങ്ങളാലിനി,
വിശ്വഹൃദയം നിറഞ്ഞു തുളുമ്പുവാൻ,

സൌഭ്രാത്രസമ്മേളവേദിയായ്, സ്വാതന്ത്ര്യ-
ശോഭാപ്രസന്ന സമത്വനിലയമായ്,

പുത്തനാം മർത്ത്യസമുദായമൊന്നിനാ-
യുത്തേജനം നൽകിയുത്ഭവിപ്പിക്കുവാൻ,


പുല്ലാംകുഴലെടുത്താലും കവേ, കലാ-
വല്ലഭത്വത്തോടെ പാടുക പാട്ടുകൾ!

വനിതകൾപോലും രണത്തിന്നൊരുങ്ങിപ്പോയ്


ഇനിയും യുവാവേ, മടിക്കയോ നീ?



മിസ്സ് റങ്ക റാവു, ഒന്നാമത്തെ ഇന്ത്യൻ ഡിപ്യൂട്ടി ഡൈറക്ടർ ഓഫ് ഡബ്ല്യു. എ. സി. (ഐ) ഈയിടെ മദ്രാസ് സന്ദർശിക്കുകയും, ഡബ്ല്യു. എ. സി. (ഐ) കേന്ദ്രങ്ങൾ പരിശോധിക്കുകയുമുണ്ടായി.



ഏതു വിഷമംപിടിച്ച മെഷീനുമായി അവർ ഇടപെടുന്നു. ഡൽഹിയിലെ മിസ്സ്. എൽ. അവസ്ഥി ഒരു ഹോളറിങ്ങ് മെഷീനിൽ പ്രവർത്തിക്കുന്നു.



ജനറൽ ആക്കിൻലക്ക് അഹമ്മദ്നഗരിലുള്ള ഡബ്ല്യു. എ. സി. (ഐ) പരിശീലന ക്യാമ്പു സന്ദർശിക്കയുണ്ടായി.

# ചിരിയും ചിന്തയും

"അമ്മേ, എനിക്കയാളെ കല്യാണം കഴിക്കാൻ സാദ്ധ്യമല്ല." അവസാനത്തിൽ ശാരദ ഉറപ്പിച്ചു പറഞ്ഞു. "അയാൾ ഒരു നിരീശ്വരവാദിയാണ്."

"മോളേ, അതുകൊണ്ടെന്താ? വിവാഹം കഴിഞ്ഞാൽ ആയാൾ ഈശ്വരൻ, പിശാച്, നരകം, സ്വർഗ്ഗം ഇതൊക്കെ ഉണ്ടെന്നു കണ്ടെത്തും."

* * *

ലേലംവിളിക്കുന്നതു പെട്ടെന്നു നിർത്തി ആയാൾ പറഞ്ഞു: "മാന്യരെ, ആരുടേയോ ഒരു പണസഞ്ചി കളവുപോയിരിക്കുന്നു. അതു തിരിച്ചുകൊടുക്കുന്നവർക്ക് അദ്ദേഹം 10 പവൻ സമ്മാനമായി കൊടുക്കുന്നതാണ്."

ഒരു ശബ്ദം: "പതിനൊന്നു."

മറെറാരു ശബ്ദം: പതിനഞ്ചു.

മൂന്നാമതൊരാൾ: അതിൽ ആകെ 15 പവനെ ഉണ്ടായിരുന്നുള്ളു.

* * *

ഭാര്യ: (കണ്ണീർ നിറച്ചുകൊണ്ടു) നിങ്ങളുടെ ലോകം ഞാനാണെന്നു നിങ്ങൾ പണ്ടൊക്കെ പറഞ്ഞിരുന്നുവല്ലൊ."

ഭർത്താവു: അതൊക്കെശ്ശരി, ഞാനതിന്നുശേഷം കുറച്ചു ഭൂമിശാസ്ത്രം പഠിച്ചു.

* * *

പ്രസവവേദനയില്ലാതാക്കാമെന്നു ഫ്രഞ്ചുകാരനായ ഡോക്ടർ ഫ്രെഡറിക്ക് ബീനിയോ കണ്ടുപിടിച്ചിരിക്കുന്നു. വിദ്യുച്ഛക്തിയുടെ സഹായത്തോടുകൂടിയാണത്രെ അതിന്നുള്ള പ്രതിവിധി.

ഭാര്യാഭർത്താക്കന്മാർക്കൊരനുഗ്രഹമായിരിക്കും അതു്. പക്ഷെ ജനന നിയന്ത്രണത്തെപ്പററിയുള്ള പ്രചാരം ഇപ്പോൾ കൂടുതൽ ഉത്സാഹപൂർവ്വം നടത്തേണ്ടിയിരിക്കുന്നു.

* * *

പ്രതിഭാഗം വക്കീൽ സാക്ഷിയെ, സുന്ദരിയായ ഒരു യുവതിയെ, വിസ്തരിക്കുകയായിരുന്നു. വക്കീൽ ചോദിച്ചു:

"തിങ്കളാഴ്ച രാത്രി നിങ്ങളെവിടെയായിരുന്നു?"

യുവതി മധുരമായി മന്ദഹസിച്ചു. "കാറോടിക്കുകയായിരുന്നു."

"ചൊവ്വാഴ്ച രാത്രിയോ?"

"കാറോടിക്കുകയായിരുന്നു."

"നാളെ നിങ്ങളെന്തുചെയ്യാൻ വിചാരിക്കുന്നു?" പ്രതിഭാഗം വക്കീൽ വീണ്ടും ചോദ്യം തുടർന്നു.

അന്യായഭാഗം വക്കീൽ എഴുന്നേററു പ്രതിഷേധിച്ചു "ആ ചോദ്യം ഞാൻ വിരോധിക്കുന്നു."

"എന്തു കാരണത്താലാണ് നിങ്ങൾ വിരോധിക്കുന്നതു്" ജഡ്ജി ശാന്തസ്വരത്തിൽ ചോദിച്ചു.

"കാരണം" അയാൾ വ്യാഖ്യാനിച്ചു "ഞാൻ അവളോടു ആദ്യം ചോദിച്ചു കഴിഞ്ഞു!"

* *

ഭാര്യ: എൻെറ അമ്മ ഒരു വായാടിയാണെന്നു നിങ്ങൾ പറയുന്നോ? അവർ കുറച്ചേ പറയാറുള്ളു.

ഭർത്താവ്: ശരിയാണ്. പക്ഷെ അതെപ്പോഴും ആവർത്തിക്കുമെന്നുമാത്രം.

* * *

മഹാനായ അലക്സാന്തർ തൻെറ ഗുരുവായ ഡിയോജനസ് അസ്ഥിക്കൂടങ്ങളിലേക്കു സശ്രദ്ധം നോക്കുന്നതു കണ്ടപ്പോൾ ആ ദാർശനികനോടു അതിൻെറ കാരണം ചോദിച്ചു.

ഞാൻ അവിടുത്തെ അച്ഛൻെറ എല്ലുകൾ നോക്കുകയാണ്. പക്ഷെ അദ്ദേഹത്തിൻെറയും അടിമകളുടേയും അസ്ഥിക്കൂടങ്ങൾ തമ്മിൽ വേർതിരിച്ചെടുക്കാൻ വയ്യ.

ചെറുകഥ

# എൻെറ കൊച്ചുപാറു

(കെ. ജി. പിള്ള.)

ഒരു വൃത്തികെട്ട പെണ്ണാണ് കൊച്ചുപാറു. നിറം നല്ല കറുപ്പല്ലെങ്കിലും കുളിക്കയും നനയ്ക്കയും ചെയ്യാത്തതിനാൽ സർവ്വദാ അഴുക്കടിഞ്ഞു ശരീരത്തോടുകൂടിയ ആ പിശാച് കാഴ്ചയിൽ ഒരു മൂശേട്ടയാണ്. ആ നാസാരന്ധ്രങ്ങളിൽ കൂടി രണ്ടു മഞ്ഞക്കമ്പികൾ ആ വായിലേക്കൊലിച്ചുതുടങ്ങും. അതു വലിച്ചു വെളിയിൽ കളയാതെ, അതു വന്നവഴിയെതന്നെ തലമണ്ടയിലേക്കു വലിച്ചു കയററും. തലയിൽ കുറെ പേനോ, ഒരു തരം ചെള്ളോ വന്നുവശമായിട്ടുണ്ട്. അതിനെ മാന്തി മാന്തി തിണ്ണയിലും പുരയിലും നിറയ്ക്കും. ഉടുക്കുന്നതിനു വല്ല വെളുത്ത പഴയതും കൊടുത്താൽ അതു വല്ല കരിക്കിലത്തിന്മേലും ഇട്ടു തൂത്ത് അവളുടെ നിറത്തിലാക്കിയെങ്കിലേ അണിയൂ. അമ്മ രാത്രിയിൽ പായുടെ കോണിലെങ്ങാനും പിടിച്ചു കിടത്തിക്കൊണ്ടാലും ഉരുണ്ടുമാറി തറയിൽ കിടന്നുറങ്ങുന്നതാണ് ആ ശവത്തിനിഷ്ടം. എന്തിനധികം? ഇങ്ങനെ ഒരു പ്രേതത്തിനെ, ഒരു മുശടൻ പന്നിയെ, ഞാൻ കണ്ടിട്ടില്ല.

എൻെറ അമ്മയ്ക്ക് വയസ്സ് അമ്പത്തിഏഴായി. അല്പം വാതക്കോളുള്ളതിനാൽ കുനിഞ്ഞുനിന്നു മുററമടിയ്ക്കയോ, പാത്രം തേയ്ക്കുകയോ ചെയ്യുമ്പോൾ നടുവ് വെട്ടിപ്പിടിക്കും. ഗൃഹകാര്യങ്ങളിൽ അമ്മയെ സഹായിക്കുവാൻ എനിക്കു സഹോദരിമാരുമില്ല. അയൽവീടുകളിൽനിന്നും വേലയെടുക്കുവാൻ പററിയ ഒരു കൊച്ചു പെൺകുട്ടിയെ വിളിച്ചു നിറുത്താൻ, ഇല്ലെന്നു മാത്രമല്ല ഉണ്ടെങ്കിൽ തന്നെയും ആരാണു വരുന്നത്? യുദ്ധകാലമായതിനാൽ എല്ലാവർക്കും തൊഴിലുണ്ട്. എല്ലാവരുടെയും കൈയിൽ പണമുണ്ട്. എന്നാൽ അല്പം അകലെനിന്നും പത്തു പതിനെട്ടു വയസ്സായ ഒന്നിനെ വിളിച്ചു നിറുത്താൻ ഞാൻ പറഞ്ഞാൽ അതു അമ്മയ്ക്കു ഇഷ്ടമല്ല. അമ്മ പറയും, "പത്തു പതിനെട്ടു വയസ്സായി കാളപോലെ വളന്ന പെമ്പിള്ളരെ എന്തു വിശ്വസിച്ചു വീട്ടിൽ താമസിപ്പിക്കും? തന്നേയല്ല, തന്തയും തള്ളയും വരുമ്പോൾ ഓണത്തിനും, തിരുവാതിരയ്ക്കും, വിഷുവിനും അളക്കണം. അതും സഹിക്കാമെന്നു വച്ചാലോ, പട്ടും ചേലയും വേണം, കുങ്കുമവും ചിന്തൂരവും വേണം; സോപ്പും ചീപ്പും കണ്ണാടിയും വേണം. വേണ്ട, ആ നരകമൊന്നും. ഞാനീ അടുക്കളേക്കിടന്നു മടച്ചു മടച്ചു ചത്തോളാം" എന്ന്.

എന്നെ എല്ലാവരും അറിയും. പരുത്തിപ്പള്ളിലെ ഗോപാല പിള്ളസ്സാറെന്നു പറഞ്ഞാൽ എല്ലാവർക്കും എന്നെ പരിചയമാണ്. ഞാൻ കാഴ്ചയിൽ അല്പം സുമുഖനാണ്. (ആത്മപ്രശംസയും പരല്ക്ഷണവും ചെയ്യുന്ന ഒരു കൂട്ടരുണ്ട്.) കുളിച്ച് ഒരു സിന്ദൂരപ്പൊട്ടും തൊടാതെ ഞാൻ സ്കൂളിൽ പോകാറില്ലാ. കുളിയും, പൊട്ടു തൊടലും, മുടിയിണക്കം, ഡ്രസ്സിംഗും കഴിഞ്ഞു സ്കൂളിൽ പോകുന്നതിനുള്ള തിടുക്കത്തിൽ ഉണ്ണുന്നതിനു ചെന്നിരുന്നാൽ അമ്മ വലിഞ്ഞിഴഞ്ഞു ചോറും കറിയും കൊണ്ടുവരുമ്പോഴേക്കു ഒരു പത്തര മണിയെങ്കിലും ആകും. ആകയാൽ അമ്മ ചോറു വിളമ്പി കൊച്ചുപാറുവിൻെറ കൈവെള്ളയിൽ വച്ചു കൊടുക്കും. ഞാൻ പ്രത്യേകം ശട്ടം കെട്ടിയിട്ടുണ്ട് ആ കൈവിരലുകൾ പാത്രത്തിൻെറ പുറത്തല്ലാതെ തൊട്ടുപോകരുതെന്ന്. മനുഷ്യനല്ലേ, ആഹാരം കഴിക്കാതെ ജീവിക്കുന്നതെങ്ങനെ? നല്ലവണ്ണം പരിശോധിച്ച ശേഷം ആ ജന്തുവിൻെറ കരസ്പർശം ഏററിട്ടില്ലെന്നു പൂർണ്ണബോദ്ധ്യമായാൽ അല്പം ഊണു കഴിക്കും.

ഊണു കഴിക്കുന്നതിനിടയ്ക്ക് എനിക്കല്പം വെള്ളം കുടിക്കണം. പാറു വെള്ളം കൊണ്ടുവരും. ഒരു ഓട്ടുതംബ്ലറിൽ. ആ നാറിയ തള്ളവിരൽ തംബ്ലറിനകത്തേക്കു നീട്ടിയിട്ടിരിക്കും. അതു എനിക്കു കുടിക്കുവാനുള്ള ആ വെള്ളത്തിൽ കഴുകിയിട്ടുണ്ടായിരിക്കും. ഞാനൊരു മനുഷ്യനല്ലേ. ആ വെള്ളം എങ്ങനെ ഞാൻ കുടിക്കും? ഞാൻ തംബ്ലറെടുത്തു മുററത്തെറിയും. ഇപ്രകാരം കേടു പററിയ തംബ്ലറുകൾ നാലും അഞ്ചും അല്ല. അവയെല്ലാം പിന്നെ മൂശാരി നാണുവിൻെറ കൈവശം പോകാതെ ഉപയോഗയോഗ്യമായിരുന്നില്ല.

ഊണു കഴിഞ്ഞാൽ എനിക്കല്പം പുക വലിക്കണം. അതെൻെറ ഒരു ശീലമാണ്. പുസ്തകവും കുടയും എടുത്തു യാത്രയ്ക്കു തയ്യാറായി സിഗററു് കടിച്ചുപിടിച്ചുകൊണ്ടു നോക്കുമ്പോഴേക്കു കൊച്ചുപാറു ഒരു തീക്കൊള്ളിയുമായി മുറിയുടെ വാതില്ക്കൽ വന്നു നിന്നുകൊള്ളണമെന്നാണ് എൻെറ ആജ്ഞ. അവൾ അങ്ങനെ ചെയ്യാറുമുണ്ട്. എന്നാൽ തീ വാങ്ങി സിഗററു കത്തിച്ച ശേഷം ഞാനാ തീക്കൊള്ളിയും നീട്ടിക്കൊണ്ടു നിന്നാൽ ആ പിശാചു അതു കാണുകയില്ലാ. അവൾക്കെന്തോ വലിയ ചിന്തയാണ്. അല്ല, അവൾ എന്താലോചിക്കാനാണ്: രാഷ്ട്രീയ കാര്യങ്ങളോ, അതോ സാമുദായിക കാര്യങ്ങളോ? ഒന്നുമല്ല, കേവലം അനുസരണക്കേടുമാത്രം. അല്ലാതെന്താണ്? എനിക്കു കോപം വരും. ഞാൻ ഒരു തൊഴിയോ, രണ്ടു ചവിട്ടോ കൊടുക്കും. കിടന്നു നിലവിളി കൂട്ടും. അവൾ കരയുന്നതൊന്നും അമ്മയ്ക്കു ഇഷ്ടമല്ല. എന്നാലും, അമ്മ അടുക്കളയിലിരുന്നുകൊണ്ട് "എൻെറ കൊച്ചു കോപാലാ! തന്തയും, തള്ളയുമില്ലാത്ത കൊച്ചിനെ കൊല്ലാതെടാ; ഇതൊന്നും ദൈവത്തിനു് ററുത്തു നെരക്കുന്നതല്ല," എന്നു മാത്രമെ പറയാറുള്ളു. ഞാൻ തറവാട്ടിലെ ഏകപുരുഷസന്താനവും അമ്മയുടെ വയറൊഴിഞ്ഞ പിള്ളയുമാകയാൽ അമ്മാവന്മാരും എന്നെ കുററപ്പെടുത്താറില്ല.

ഞാൻ സ്കൂളിൽ പോയ്ക്കഴിഞ്ഞാൽ അമ്മയ്ക്കു വീട്ടിൽ പറയത്തക്ക ജോലികളൊന്നും ഇല്ല. കൊച്ചുപാറുവിൻെറ തലപിടിച്ചു മടിയിൽവച്ചു പേൻ കൊല്ലുക അമ്മയ്ക്കും ആ പെണ്ണിനും സാഗ്ഗീയസുഖമാണ്. പേൻകൊലയ്ക്കിടയിൽ അമ്മ പറയാറുണ്ട്, പേനില്ലാത്ത തല പാപം ചെയ്തതാണ് എന്ന്. അവർ കൊച്ചുപാറുവിനെ അടുത്തുള്ള മലയാളം പള്ളിക്കൂടത്തിൽ എഴുത്തുപഠിക്കാൻ ഉന്തിത്തള്ളി വിടാറുണ്ട്.

മൂന്നു നാലു ഇടവപ്പാതികളും തുലാവർഷങ്ങളും കഴിഞ്ഞു. "പെണ്ണിനു പ്രായം കൂടിപ്പോയി" എന്നു പറഞ്ഞ് കൊച്ചുപാറുവിനെ അവളുടെ അമ്മാവൻ വന്നു കൂട്ടിക്കൊണ്ടുപോയി.

## II

അമ്മയ്ക്കു പണ്ടത്തെപ്പോലെ വേലയൊന്നും ചെയ്യാൻ കഴിവില്ല. വേലയെടുക്കാൻ വീട്ടിൽ ആരുമില്ല. ഞാൻ ഒരു കല്യാണം ചെയ്യണമെന്ന് എല്ലാവരും എന്നോടു നിർബ്ബന്ധിച്ചുതുടങ്ങി. അതു എൻെറ വൃദ്ധയായ മാതാവിന് ഒരു സഹായംകൂടിയായിരിക്കുമെന്നുള്ളതിനാൽ ഒരു വിവാഹം ചെയ്തു കളയാമെന്നു ഞാനങ്ങുറച്ചു.

പടിഞ്ഞാറേതിലെ പാച്ചു നായരെ നിങ്ങൾ അറിയുമല്ലോ. അയാളെ ഞങ്ങൾ ഒരു മാമനായി സെലക്റ്റു ചെയ്തു. പാച്ചു നായർക്കു രാവിലെ ഒന്നു മോന്താൻ കൊടുക്കണം, ഒന്നു ചവയ്ക്കാനും. അതു രണ്ടും അമ്മ കൊടുത്തുകൊള്ളും. പിന്നെ അല്പം കറുപ്പു തീററിയുള്ളതു്, അതു ഞാൻ കൊടുക്കാറുള്ള അരപ്പുത്തൻകൊണ്ടു സാധിക്കയും ചെയ്യും. അല്ലേ, അയാൾ എനിക്കുവേണ്ടിയല്ലേ ബുദ്ധിമുട്ടുന്നതു്?

പാച്ചു നായർ അയാൾ കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമായ പല പല പെൺകിടാങ്ങൾക്കും വലവച്ചു. അതൊന്നും എനിക്കു പിടിക്കയില്ല. ഒന്നിനു് അല്പം മന്തു്; മറെറാന്നിനു കോങ്കണ്ണു്; വേറൊന്നു കറുത്തതു്; പിന്നൊന്നിനു സ്വത്തു കുറവു്; ഈ കുററങ്ങളൊന്നും ഇല്ലാത്തതിനെ കണ്ടെത്തിയാലോ അതു നിരക്ഷരകുക്ഷിയും! എൻെറ സൗന്ദര്യത്തിനും, വിദ്യാഭ്യാസത്തിനും, ധനസ്ഥിതിക്കും, തറവാടിത്തത്തിനും പററിയ ഒരു കേസ്സാണു് നമുക്കാവശ്യം. എല്ലാം ഒത്തു കിട്ടിയിരുന്നെങ്കിൽ അതിനാണു ശ്രമിക്കേണ്ടതു്.

മുനിസിപ്പൽ പ്രസിഡൻറ് കുറുപ്പിൻെറ മകൾ അല്പം ഭേദമാണെന്നു കേട്ടു അവിടെ അടുത്തു. പാച്ചു നായരുടെ സഹായത്തോടുകൂടി അല്പം ഞാനറിയുന്നതു് ആ ദമയന്തിക്കു് ഒരു നൈഷധൻ താമസിയാതെ വരുമെന്നും അടുത്തൊരു ശുഭമുഹൂർത്തത്തിൽ വിവാഹം തീർച്ചപ്പെടുത്തിക്കഴിഞ്ഞെന്നും!

കണ്ടക്റ്റർ കുഞ്ഞൻപിള്ളയുടെ മക്കൾ രണ്ടു പെൺകുട്ടികളുണ്ടെന്നറിഞ്ഞു്, ഒന്നിനെ തട്ടിക്കാമെന്നു കരുതി അടുത്തു കൂടി. എന്തു കഷ്ടകാലം! ആ സീതയെ ചവറക്കാരനൊരു രാമനും, മറെറ ഊർമ്മിളയെ അമ്പലപ്പുഴക്കാരനൊരു ലക്ഷ്മണനും പാണിഗ്രഹണം ചെയ്യാൻ കാപ്പു കെട്ടിയിരിക്കുന്നുപോലും!

കഷ്ടകാലം വരുമ്പോൾ നാലുപാടും കൂടിയാണ്. എന്നാലും "ശ്രമിച്ചാൽ ഫലം നിശ്ചയം" എന്ന തത്വമനുസരിച്ചു ഞാൻ പിന്തിരിഞ്ഞില്ല. ഹെഡ്മാസ്റ്റർ പാച്ചൻപിള്ളയുടെ മകൾ ചരക്ക് അല്പം ഭേദമാണെന്നു കേട്ടു ആലോചന മുറുക്കി. വീട്ടുകാർ തമ്മിൽ ജാതകപരിശോധനയും മററും നടത്തിക്കഴിഞ്ഞു. എനിക്കാശ്വാസമായി. അപ്പോഴതാ, ആളുകളുടെയിടയിൽ "പൂജ്യം പൂജ്യം" എന്ന ഒരു പറച്ചൽ. അവൾക്കു അല്പം പ്രമേഹത്തിൻെറ ഏനക്കേടുണ്ടെന്ന്—അതിൻെറ വഴി ചെറുപ്പത്തിലേ പിഴച്ചുപോയതാണെന്ന്.

എന്നെ എൻെറ ഉദ്യമത്തിൽനിന്നും പിന്തിരിച്ചു ഹെഡ്മാസ്റ്ററുടെ മകളെ വിവാഹം ചെയ്യുന്നതിനുവേണ്ടി ഒരു ചെറുപ്പക്കാരൻ പറഞ്ഞുണ്ടാക്കിയ ദുഷ്പ്രവാദങ്ങളായിരുന്നു അതെല്ലാമെന്ന് അവൻ ആ പെൺകുട്ടിയെ വിവാഹം ചെയ്തശേഷമെ എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞുള്ളു.

ഞാൻ പതിവായി ഉത്സവങ്ങളും തിരുവാതിരകളികളും കാണുവാൻ പോയിത്തുടങ്ങി. എനിക്കൊരു നല്ല 'ഇടതുഭാഗ'ത്തെ തെരഞ്ഞെടുക്കണം. എനിക്കൊരു തരക്കേടില്ലാത്ത 'ഏഴാമേടം' വേണം. എന്നാൽ എനിക്കു ചേന്ന ഒരു പെണ്ണിനെ സൃഷ്ടിക്കുവാൻ ബ്രഹ്മാവു മറന്നുപോയി. ആ മൂത്തു നരച്ച വയസ്സൻ അക്കാര്യമങ്ങു വിട്ടുപോയിരിക്കണം!

ഞാൻ വാങ്ങിഉപയോഗിച്ച സെൻറിനും ഹെയറോയിലിനും, കുട്ടിക്കൂറ പൌഡറിനും കണക്കില്ലാ. എത്രയെത്ര സില്ക്കുടുപ്പുകൾ തുന്നിച്ചെന്നും, ഓരോ ദിവസം ഓരോന്നാക്കി ഇസ്തിരിയിട്ടു വാങ്ങുന്നതിനും ചിലവായതെത്ര ഉറുപ്പികയെന്നും തിട്ടമില്ല. വിവാഹം ചെയ്വാൻ നടന്നു നടന്നു ഞാൻ തളർന്നു. ഈ പ്രയാസങ്ങളോർത്തു ഇനി വിവാഹം ചെയ്കയില്ല എന്നുതന്നെ ഞാനങ്ങുറച്ചു.

## III

സ്കൂളിൽ കുട്ടികൾക്കെല്ലാം എന്നെ വളരെ ഭയവും, ഭക്തിയുമാണ്. അദ്ധ്യാപക സംഘത്തിന്നു നല്ല രീതിയിൽ 'മാതൃകാപാഠങ്ങൾ എടുത്തു ഫലിപ്പിക്കുന്നതിന്നു എനിക്കു പ്രത്യേക സാമർത്ഥ്യമുണ്ട്. മോണ്ടിസോറി പ്രോജക്ട്, ഹ്യൂറിസ്റ്റിക്ക്, സോക്രട്ടീസ് മുതലായ എല്ലാ മെത്തേഡുകളിലും പാഠം നടത്തുവാൻ എനിക്കു വശമുണ്ട്. എന്നാൽ മററുള്ള അദ്ധ്യാപകന്മാരെല്ലാം എന്നെ അല്പം പുച്ഛരസത്തോടു കൂടിയാണ് വീക്ഷിക്കാറുള്ളതു്. ഞാൻ ട്രെയിനിങ്ങിൽ പാസ്സായിട്ടില്ല പോലും. ഈ കുറവു പരിഹരിക്കുന്നതിന്നായി ഞാൻ ട്രെയിനിംഗിന്നു അപേക്ഷിച്ചു. എനിക്കു അനുവാദവും കിട്ടി

ഇപ്പോൾ സ്കൂൾ ഫൈനൽ ക്ലാസ്സിൽ പഠിക്കയാണ് ശ്രീമതി പാറുക്കുട്ടിയമ്മ. പാറുക്കുട്ടിയമ്മയെപ്പോലെ സൌന്ദര്യവതിയായ ഒരു യുവതി ആ സ്ഥലത്തെങ്ങുമില്ല. അവൾ രംഭയാണ്, രതിയാണ്, അല്ല, സൌന്ദര്യസമുച്ചയങ്ങളുടെ സമാഹാരമാണ്.

അവളുടെ അമ്മാവൻ ആണ് അവളെ പള്ളിക്കൂടത്തിലയക്കുന്നതു്. അദ്ദേഹത്തോടു പാറുക്കുട്ടിയമ്മയ്ക്കു എന്താണ് ജോലി എന്നു ചോദിച്ചാൽ 'അവൾ മററിംഗ്ലീഷിനു വായിക്കയാണ്' എന്നു മറുപടി പറയും—നമ്മുടെ നാട്ടുകാർ നാലഞ്ചു ക്ലാസ്സുകൾ പഠിച്ചു കഴിഞ്ഞാൽ പിന്നെ പഠിക്കാറില്ല; വായന മാത്രമേയുള്ളു ബി. എ.ക്കും എം. എ.ക്കും പഠിക്കാതെ വായിക്കുന്നവരാണ് അധികം പേരും. ആംഗലിയെ പദാനുപദം തർജ്ജമചെയ്തു ഭാഷയിലാക്കുമ്പോൾ വരുന്ന 'ശോക്കി'കളിലൊന്നാണിതും.

ഞാൻ Teacher's Training നു പഠിക്കുന്ന സ്കൂളിന്നടുത്തുതന്നെയാണ് പാറുക്കുട്ടിയമ്മ "മററിംഗ്ലീഷിനു" വായിക്കുന്ന കോളേജും.

രാവിലെ അല്പം നേരത്തെ സ്കൂളിലേക്കു പോകുന്നതിന്നിറങ്ങിയാൽ പാറുക്കുട്ടി അമ്മയുടെ പിന്നാലെ നടക്കുന്നതിന്നുള്ള ഉത്സാഹംമൂലം ഞാൻ ആ അമ്പലത്തിന്റെ മുമ്പിലുള്ള കുളപ്പുരയിൽ കയറിയിരിക്കും. അവൾ വന്നുകഴിഞ്ഞാൽ ഞാൻ ആ തങ്കക്കുടത്തിന്റെ പിന്നാലെ അല്പം അകലെയായി നടന്നുതുടങ്ങും. ആ വിശ്വമോഹിനിയുടെ തടിച്ചുന്തിയ സ്തനങ്ങളും, കുണുങ്ങിക്കുണുങ്ങിയുള്ള നടയും എനിക്കു വളരെ പ്രിയമാണ്. എന്നെ അലട്ടുവാൻ ചില ഗന്ധർവ്വന്മാർ അടുത്തുകൂടും. അവരുമായി ഞാൻ ശണ്ഠയിടാറുണ്ട്. അവർ എന്നെ കളിയാക്കും. ഞാൻ പാറുക്കുട്ടി അമ്മയുടെ എന്തൊക്കെയോ ആണെന്ന് അവർ പറഞ്ഞുതുടങ്ങും. അങ്ങനെയെങ്കിലും പാറുക്കുട്ടി അമ്മ എന്റെ സ്വന്തമാണെന്നു പറയുന്നതു കേൾക്കാൻ—ഞങ്ങളുടെ രണ്ടുപെരുടേയും പേരുകൾ ഒരേ വാചകത്തിൽ ഉപയോഗിക്കുന്നതു കേൾക്കുവാൻ എനിക്കൊരു പ്രത്യേക രസം തോന്നാറുണ്ട്. അവളുടെ കറുത്തു നീണ്ട കബരീഭാരത്തിൽനിന്നും കൊഴിഞ്ഞുവീഴുന്ന സുന്ദരമായ പനിനീർപ്പൂവിന്റെ ദലങ്ങൾ ഞാൻ എടുത്തു സൂക്ഷിക്കും. ഇപ്രകാരം എനിക്കു ലഭിച്ച ദലങ്ങൾ എന്റെ മേശയുടെ ഒരു ചെറുമുറിയിൽ നിറഞ്ഞു. ഒരു ദിവസം എന്റെ അമ്മ യാദൃച്ഛികമായി മേശ തുറന്നപ്പോൾ കണ്ട ആ വാടിയ പൂവിതളുകൾ വാരി പുറത്തു കളഞ്ഞു അന്നു എനിക്കു അമ്മയോടു തോന്നിയ കോപം ഇത്രമാത്രമെന്നു പറഞ്ഞറിയിക്കാൻ വിഷമം. ആ കിഴവിക്കറിയാമോ അതെന്തെന്നും, അതിന്റെ ഉദ്ദേശമെന്താണെന്നും?

അവളുടെ ബുക്കുകൾക്കിടയിൽനിന്നും വല്ല തുണ്ടുകടലാസും താഴെ വീണാൽ ഞാനതെടുക്കും. സ്ത്രീകളല്ലെ, കത്തെഴുതി കയ്യിൽ തരാനുള്ള ലജ്ജകൊണ്ട് എഴുതി താഴത്തിട്ടതായിരിക്കുമെന്നുദ്ദേശിച്ചാണ് ഞാൻ അപ്രകാരം ചെയ്യുന്നതു്. എന്നാൽ അതു എനിക്കുള്ള കാമലേഖനമല്ല എന്നറിയുമ്പോൾ എനിക്കുണ്ടാകുന്ന നിരാശത ലോകത്തിൽ മറെറാരു ജീവിക്കും അനുഭവിക്കുവാൻ ശക്തി കാണുകയില്ല.

ആ മുഖപത്മം ഒന്നു നേരെ കണ്ട നയനസായൂജ്യം വരുത്തുവാനുള്ള അഭിവാഞ്ഛയാൽ ചില മൂളിപ്പാട്ടുകളും ചുമയും ഞാനറിയാതെ തന്നെ പുറത്തുവരും. എന്നാലും അവൾ ഒന്നു തിരിഞ്ഞുനോക്കാറില്ല. ഞങ്ങളുടെ വിവാഹത്തിന്നു എന്റെ സ്നേഹിതന്മാർ എഴുതുന്നതായി സങ്കല്പിച്ചുകൊണ്ടു ചില മംഗളാശംസകൾ ഞാൻ തന്നെ എഴുതും. ഞങ്ങൾ തമ്മിലുള്ള പ്രണയനാടകം, നടനും നടിയും ഞാൻതന്നെയായി അഭിനയിക്കും ക്ലാസ്സിലിരിക്കുമ്പോൾ ഡസ്കിന്റെ പുറത്തു അറിയാതെ എഴുതിപ്പോകാറുണ്ട്, ആ ഷഡ്വർണ്ണങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ ഊണിലും ഉറക്കത്തിലും, കളിയിലും കാര്യത്തിലും എനിക്കു ആ മോഹിനിയുടെ ചിന്ത ഒന്നുമാത്രമേയുള്ളു.

ഈയിടെ ഞാൻ ചുമയ്ക്കുയോ മൂളിപ്പാട്ടു പാടുകയോ ചെയ്യുമ്പോൾ പാറുക്കുട്ടി അമ്മ എന്നെ തിരിഞ്ഞുനോക്കാറുണ്ട്. ചിലപ്പോൾ ഒന്നു പുഞ്ചിരി പൊഴിക്കും. ഹാ! അപ്പോൾ എനിക്കുണ്ടാകുന്ന ആനന്ദം—അതു അളവില്ലാത്തതാണ്. ഞങ്ങൾ ചില കാമലേഖനങ്ങൾ ഉള്ളടക്കംചെയ്തു ബുക്കുകൾ കൈമാററം ചെയ്യും. വല്ലതും രണ്ടു നാലു വാക്കുകൾ സംസാരിക്കും. ഇപ്പോഴും കത്തുകൾ നേരിൽ കൈമാററം ചെയ്യുന്നതിന്ന് അവൾക്കു ലജ്ജയാണ്.

വൈകീട്ടു പള്ളിക്കൂടത്തിൽനിന്നും ഞാൻ പാറുക്കുട്ടി അമ്മയോടുകൂടിയേ വീട്ടിലേക്കു മടങ്ങാറുള്ളു. രസകരമായ വല്ല കഥകളും പറയും. ആനന്ദത്തിന്റെ അമൃതകിരണങ്ങൾ ഓളമടിക്കുന്ന സുദിനങ്ങളുടെ നാന്ദി അങ്ങിനെ പാടിത്തുടങ്ങി. . . .

എന്റെ കഷ്ടകാലം എന്നെ വിട്ടുമാറി. ജീവിതം മധുരതരമായി എനിക്കു പ്രത്യക്ഷപ്പെട്ടു. ഞാൻ ഭാഗ്യവാനായി. അതേ—പാറുക്കുട്ടിയമ്മ എന്റെ സ്വന്തമായി. അവളെ പിരിഞ്ഞു ഒരു നിമിഷം ജീവിക്കുവാൻ എനിക്കു ശക്തിയില്ല. അവളെന്നെ വേർപെട്ടാൽ ഞാൻ മരിക്കും—വിരഹവേദനയിൽ നീറിനീറി മരിക്കും. അവളെന്റെ ജീവനാണ്. ഇപ്പോഴും എനിക്കു ഒരു ഭയം. അവൾ ആ 'കൊച്ചു പാറു'വായിരുന്ന കാലത്തെ വല്ല സംഭവങ്ങളും ഓർക്കുന്നുണ്ടായിരിക്കുമോ? അയ്യൊ! അതിനെപ്പററി ചിന്തിക്കുമ്പോൾ ഞാൻ വല്ലാതെ ഞെട്ടിപ്പോകും.

ഒരു ദിവസം അമ്മയും പാച്ചുനായരുംകൂടി യുദ്ധവാർത്തകൾ പറഞ്ഞു സമാപിച്ചതു് ഇങ്ങിനേയാണ്—

പാച്ചുനായർ: കൊച്ചമ്മേ, ഈ യുദ്ധംകൊണ്ട് നാശവും ദോഷങ്ങളുമല്ലാതെ മനുഷ്യർക്കു യാതോരു ഗുണവും വരുവാനില്ല.

അമ്മ: അങ്ങനെ പറയാതെ പാച്ചു. ചോരത്തിളപ്പും വിദ്യാഭ്യാസവുമുള്ള കൊള്ളാവുന്ന ചെറുപ്പക്കാരെല്ലാം പട്ടാളത്തിൽപോയി ചേർന്നില്ലായിരുന്നെങ്കിൽ, എന്റെ കൊച്ചുകോവാലനു് ഇത്ര നല്ല ഒരു വിവാഹം കിട്ടുമായിരുന്നോ?

പാച്ചുനായർ: അതുവ്വ്. കൊച്ചമ്മേ.

---

(2-ാം പേജിൽനിന്നു തുടർച്ച)

സാമാന്യം കഷ്ടപ്പെട്ടാൽക്കൂടി അതു സാരമില്ല. അതു മഹാന്മാരുടെ നിർമ്മാണത്തിന്നുള്ള ഒരു പൂർവ്വസ്ഥിതിയാണ്. അദ്ദേഹം ഫ്രഞ്ചുവിപ്ലവത്തെ ആദരിക്കുന്നതു്, അതു നെപ്പോളിയനെ ഉത്ഭവിപ്പിച്ചുവെന്നതിനാലാണ്. യഥാർത്ഥഗുണം എല്ലാവരിലുമുണ്ടാകില്ലെന്നും അതു അന്തസ്സും പ്രമാണിത്വവും ഉള്ള ഒരു ന്യൂനപക്ഷത്തിന്റെ മാത്രം സവിശേഷത്വമാണെന്നുമാണു നീച്ചേ വാദിക്കുന്നതു്. ഈ സമുന്നതപദവിയിലിരുന്നരുളുന്നവർ ജനങ്ങളോടു സമരം ചെയ്യുകയും, ജനകീയ തത്വങ്ങളുടെ പ്രചരണത്തെ തടയുകയും വേണം. സാർവ്വജനീനമായ വോട്ടു എന്നു വെച്ചാൽ താഴ്ന്ന തരക്കാരുടെ ആധിപത്യമാണ്; അതുകൊണ്ട് സർവ്വപ്രകാരേണയും അതു അനുവദിച്ചുകൂടാ.

സർവ്വോപരി, അദ്ദേഹം അധികാരേച്ഛയെ അഭിനന്ദിക്കുന്നു. സഹതാപം തുടങ്ങിയ ചില അശക്തവികാരങ്ങളെ വെല്ലുന്നതിന്ന് ഇതു് മൂലം മനുഷ്യനു സാദ്ധ്യമാവുമത്രേ. ഒരു മഹാത്മാവിന്റെ ഉൽക്കർഷത്തോളം വലിയതല്ല ഒരു രാഷ്ട്രത്തിന്റെ മുഴുവനും ഉൽക്കർഷം. അദ്ദേഹം ഒരു ദേശീയവാദിയല്ല. അന്തർദ്ദേശീയമായ ഒരു ഭരണവർഗ്ഗം—അധികാരസ്ഥന്മാരായ തത്വചിന്തകന്മാരും കലാകാരന്മാരായ ഉൽകൃഷ്ടപ്രഭുക്കളുമടങ്ങിയ ഒരു ഭരണവർഗ്ഗം—വേണമെന്നാണ് നീച്ചേ പറയുന്നതു്.

പ്രതീക്ഷിക്കാവുന്നപോലെതന്നെ അദ്ദേഹത്തിന്ന് സ്ത്രീകളോടു കടുത്ത അറപ്പും വെറുപ്പുമാണുള്ളതു. സ്ത്രീകളുമായി, തന്റെ നാണം കുണുങ്ങി മട്ടുമൂലം, അദ്ദേഹത്തിന്നു യാതൊരു "അടുത്ത സംബന്ധ"വുമുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ഗുരുവായ സറാത്തുസ്ത്ര സ്ത്രീകൾ ചങ്ങാതിത്തത്തിന്നു കൊള്ളരുതാത്തവരാണെന്നു പറയുന്നു. അവർ പക്ഷികളോ, പൂച്ചകളോ, അഥവാ നല്ല പശുക്കളോ മാത്രമാണ്. അവർ ജീവിക്കുന്നതു് യോദ്ധാവിനെ വിനോദിപ്പിക്കാൻ മാത്രമാണ്. എന്നാൽ യോദ്ധാക്കന്മാരും അവരിൽ വിശ്വാസമർപ്പിച്ചുപോകരുതു്. സറാത്തുസ്ത്ര ഒരിടത്തു ഇങ്ങിനെ ചോദിക്കുന്നു: "നിങ്ങൾ ഒരു പെണ്ണിന്റെ അടുത്തേക്കു പോകയാണോ? എന്നാൽ ചാട്ടവാറെടുക്കുന്നതിന്നു മറക്കരുതേ!"

ക്രിസ്തുമതത്തിന്നെതിരായി തന്റെ പാണ്ഡിത്യത്തെ നീച്ചേ പലപ്പോഴും പ്രകടിപ്പിച്ചിട്ടുണ്ട്. ക്രിസ്തുമതം അടിമമനോഭാവം സൃഷ്ടിക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ ഒരാക്ഷേപം. കുലീനന്മാരായ റോമന്മാർക്കെതിരായി അതു് പ്രക്ഷോഭണം ചെയ്തതു നീച്ചേയ്ക്കു തീരെ രുചിക്കാനിടയില്ലല്ലോ. ജൂതന്മാർ തുടങ്ങിവെച്ചതും സെയിന്റ് പാളിനെപ്പോലെയുള്ള 'ദൈവിക ഭണ്ഡമിളക്കക്കാർ' മുന്നോട്ടു കൊണ്ടുവന്നതുമാണ് ക്രിസ്തുമതം. "പുതിയ സുവിശേഷം ഏററവും താഴ്ന്ന തരക്കാരെഴുതിയതാണ്". യുദ്ധാവേശം, വിദ്വേഷം, പ്രതികാരേച്ഛ, ഇവയെല്ലാം നിഷേധിക്കുന്നതിനാൽ അദ്ദേഹം ക്രിസ്തുമതത്തെ വെറുക്കുന്നു. ഹൃദയത്തെ ഇണക്കുന്നതിന്ന് അതു ശ്രമിക്കുന്നു. ഒരു കാട്ടുമൃഗത്തിന്നുള്ള വീര്യം ഇണക്കിക്കഴിഞ്ഞാലില്ലാതാകും. ഒരു ക്രിസ്ത്യൻ സന്യാസിയേക്കാൾ നീച്ചേയ്ക്കു ആവശ്യമുള്ളതു് ഒരു 'കുലീനനെ' യാണ്—ഭരണാധിപനായ ഒരു പ്രമാണിയെ. ഈ 'കുലീന'ൻ ക്രൂരനായിരിക്കണം; സമന്മാരോടുമാത്രമേ അദ്ദേഹത്തിന്നു കർത്തവ്യമുള്ളു. അദ്ദേഹത്തിന്നു തന്റെയോ, മററുള്ളവരുടെയോ മരണത്തെപ്പററി ലേശവും ഗൌനിക്കേണ്ടതില്ല. അധികാരേച്ഛയുടെ അവതാരപുരുഷനാണ് ഈ കുലീനൻ!

നീച്ചേയുടെ തത്വങ്ങൾ മാത്രമെടുത്തു നോക്കിയാൽ, അവയ്ക്കു രാഷ്ട്രീയപ്രാധാന്യം കൈവരുമെന്നു പറഞ്ഞുകൂടാ. അതും ഫിഷ്ടേയുടെ ജർമ്മൻകാർ ഒരു യജമാനവർഗ്ഗമാണെന്നുള്ള വിശ്വാസവും, രാഷ്ട്രം അന്ത്യലക്ഷ്യമാണെന്നുള്ള ഹെഗലിന്റെ അഭിപ്രായവും കൂട്ടിച്ചേർത്തു നോക്കിയാൽ ആ ആകത്തുക "അതിമാനുഷത്വ"ത്തെ ഉയർത്തിപ്പിടിച്ചു നിൽക്കുന്നതു കാണാം.

എന്നാൽ ഈ സന്ദർഭത്തിൽ ഒരു കാര്യം വ്യക്തമാക്കാതിരിക്കാൻ നിവൃത്തിയില്ല. ഞാനിവിടെ പ്രതിപാദിക്കുന്ന തത്വങ്ങൾ ജർമ്മൻ മനോഭാവത്തിന്റെ ഒരു വശംമാത്രമാണ്. ഫിഷ്ടേ, ഹെഗൽ, നീച്ചേ ഇവരുടെയെല്ലാം ദുഷിച്ച തത്വങ്ങളിൽനിന്നും തികച്ചും സ്വതന്ത്രരായ നിരവധി ചിന്തകന്മാർ ജർമ്മനിയിലുണ്ടായിരുന്നുവെന്നതു് പ്രസ്താവ്യമത്രേ. ഹിററ്ലർ അധികാരത്തിൽ വരുന്നതിന്നു അല്പം മുമ്പു ജർമ്മനിയിൽ സ്വാധീനശക്തിയുള്ള കുറെ സ്വതന്ത്ര ചിന്തകന്മാരുണ്ടായിരുന്നു. അവരിൽ മിക്കപേരും നാടുകടത്തപ്പെട്ടു. സാന്മാർഗ്ഗികമായും ധിഷണാപരമായും ഇവർ മററു രാജ്യത്തിലെ ചിന്തകന്മാരോട് തികച്ചും അടുപ്പവും സാമ്യതയും ഉള്ളവരാണ്. ജർമ്മൻകാർ സ്വാഭാവികമായി മററു ജനങ്ങളേക്കാൾ ദുഷിച്ചവരാണെന്നുള്ള വാദത്തിൽ ഞാനൊരു ന്യായീകരണവും കാണുന്നില്ല. പരിതസ്ഥിതികളും പ്രതിഭാശാലികളായ ചില ദുഷിച്ച ആളുകളും അവരെ കുപഥത്തിലേക്കു നയിച്ചിരിക്കാം. എന്നാൽ മറെറാരു പരിതസ്ഥിതിയിൽ നല്ലവർക്കു അവരെ സൽപഥത്തിലൂടെ നയിച്ചുകൂടെന്നു വിചാരിക്കാൻ വയ്യ. ഈ കാര്യം ചെയ്തുതീർക്കുന്നതിന്നു പ്രാപ്തരായവരെ ഉല്പാദിപ്പിക്കുന്നതിന്നു കാലക്രമേണ ജർമ്മനിയ്ക്കുതന്നെ സാധിക്കുമെന്നതിൽ യാതൊരു സംശയവും എനിയ്ക്കില്ല.

# "വാൻ റെൻ ഹൊ ചാങ്ങ്!"

കെ. സി. പത്മാവതി

ഇതേവരെയും ലോകത്തിന്നു വളരെയധികം പരിചയപ്പെടാത്ത ഒരു ഭൂവിഭാഗമുണ്ടു ചൈനയിൽ. അവിടുത്തെ ഭരണരീതിയും ജീവിതസമ്പ്രദായവും ചുങ്കിങ്ങിന്റെ ആഹ്വാനം അനുസരിച്ചല്ല നടന്നുവരുന്നതു്. അവൎക്കു ഒരു പ്രത്യേക രാഷ്ട്രവും നിയമാവലികളും പട്ടാളവുമുണ്ടു്. അതേ, നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും മാവോ സീററങ്ങിന്റെയും ജനറൽ ചൂ ട്ടേയുടേയും നേതൃത്വത്തിലുള്ള യെനാൻ ഗവൎമ്മെണ്ടിനെപ്പററി. യെനാനും ചുങ്കിങ്ങും തമ്മിൽ സ്വരച്ചേൎച്ചയില്ലെന്നും, പല കാൎയ്യങ്ങളിലും അവർ മത്സരിക്കുകയാണെന്നും കുറച്ചു കാലമായി കേട്ടുതുടങ്ങിയിട്ടു. ചൈനീസ് കമ്മ്യൂനിസ്റ്റുകളും ചിയാങ്ങ്-കൈക്ഷേയുടെ കൂട്ടരും തമ്മിലുള്ള തൎക്കങ്ങളുടെ ന്യായാന്യായതയെപ്പററി വിചിന്തനം ചെയ്യുകയല്ല ഇവിടെ ഉദ്ദേശിക്കുന്നതു്; ജപ്പാന്നെതിരായിട്ടു യെനാൻ ഗവൎമ്മെണ്ടിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന സമരത്തിന്റെ സാഹിത്യപരവും സാംസ്കാരികവുമായ ചില വശങ്ങളെ സംക്ഷിപ്തമായി സ്പൎശിക്കുവാൻ മാത്രമാണു്.

ചൈനീസ് ജനതയുടെ ഇടയിൽ തികച്ചും പടൎന്നുപിടിച്ചുകഴിഞ്ഞ ജാപ്പു വിരോധത്തിന്റെ പരിപൂൎണ്ണപ്രകാശം ദൎശിക്കണമെങ്കിൽ നിങ്ങൾ ഏത്തു റൂട്ട് സേനയുടെയും, ആയിരമായിരം ഗറില്ലാ ഭടന്മാരുടേയും ഇടയിലേക്കു കടന്നു ചെല്ലുകതന്നെ വേണം. ലോകത്തിൽ വെച്ചു ഏററവും താഴ്ന്നതരം ഭക്ഷണവും, ഉടുപ്പും ആയുധങ്ങളുമാണു് അവൎക്കുള്ളതു്. പട്ടാളക്കാരന്റെ യൂനിഫോറമില്ലെങ്കിൽ പോകട്ടെ, ഒരു സാധാരണ പൌരന്നു അത്യാവശ്യമായ വസ്ത്രങ്ങൾപോലും അവൎക്കില്ലെന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. അവരുടെ ആയുധങ്ങളാകട്ടെ ആധുനിക യുദ്ധത്തിന്നു് പററിയതല്ല. എന്നിട്ടും അവർ പൊരുതുന്നു; ചൈനയിലെ മററു പട്ടാളക്കാരെപ്പോലെ, ചിലപ്പോൾ അതിലും കേമമായി ജാപ്പുകളെ എതിൎക്കുന്നു.

ഈ അത്ഭുതം അവരെങ്ങിനെ സാധിക്കുന്നു ?

അതാലോചിക്കുമ്പോഴാണു്, അറിയുമ്പോഴാണു്, നാം ആ ചൈനക്കാരനു നമോവാകമോതേണ്ടതു്. അവനെ മടുപ്പിക്കാത്തതും ക്ഷീണിപ്പിക്കാത്തതും ഉശിരു പിടിപ്പിക്കുന്നതുമായ ഒന്നുണ്ടു്: ശത്രുവിനോടുള്ള കടുത്ത വിരോധം. മഞ്ഞിലും മഴയിലും, അവന്റെ ചെരുപ്പില്ലാത്ത കാലുകളെ മുന്നോട്ടുന്നിപ്പിക്കുന്ന ഒരു തീക്ഷ്ണതയുണ്ടു്: അടങ്ങാത്ത അവന്റെ സ്വാതന്ത്ര്യാവേശം. തന്റെ നാട്ടിന്റെ അതൃത്തികളിൽനിന്നു കൊള്ളക്കാരെ ചവിട്ടിപ്പായിക്കുന്നതിന്നു ഈ രണ്ടുപകരണങ്ങളോളം ഉപകരിക്കുന്ന മറെറാന്നും ഇല്ല എന്നു് അവന്നു തികച്ചും ബോധമുണ്ടു്. എട്ടു കൊല്ലമായി—അതിനും മുമ്പെതന്നെ തുടങ്ങിയിരിക്കുന്നുവെന്നുതന്നെ പറയണം—അവൻ വൈരികൾക്കെതിരായി വീരോചിതം പോരാടാൻ തുടങ്ങിയിട്ടു്. അതിന്റെ പ്രാധാന്യം എത്രമാത്രമാണെന്നു് ലോകം അറിഞ്ഞുവരുന്നേ ഉള്ളു. ആ ചരിത്രം മുഴുവനും എഴുതപ്പെട്ടുമ്പോൾ, ഈ യുദ്ധത്തിലെ ഏററവും അഭിവന്ദ്യരായ ആ യോദ്ധാക്കളെപ്പററിയുള്ള അപദാനപരമ്പരകൾ പാരെങ്ങും മാറെറാലിച്ചുയരുമെന്നതിൽ തെല്ലും സംശയമില്ല.

സാഹിത്യത്തേയും സംഗീതത്തേയും എന്നുവേണ്ട മനുഷ്യസിദ്ധമായ എല്ലാ കലാവിശേഷങ്ങളേയും, അവർ അവരുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വിനിയോഗിക്കുന്നു. ചാരുകസേരയിൽ മലൎന്നു കിടന്നു കലയുടെ കമനീയതയെക്കുറിച്ചു് ഉപന്യാസങ്ങളെഴുതിത്തള്ളുന്ന പാണ്ഡിത്യ ഭണ്ഡാരങ്ങൾ കലയെ പ്രചരണപരമാക്കുന്നുവെന്നു പറയുമായിരിക്കാം. സാഹിത്യത്തേയും സംഗീതത്തേയും പ്രചരണോപകരണങ്ങളാക്കി വ്യഭിചരിപ്പിക്കുകയാണെന്നു ധ്വനിപ്പിക്കുന്നു കണ്ടേക്കാം. എന്നാൽ, കുറച്ചുകൂടി ആലോചിക്കുന്നപക്ഷം, കലയെ പുനരുജ്ജീവിപ്പിക്കുന്നതിന്നും കിരാതത്വത്തിൽനിന്നു വിമുക്തമാക്കുന്നതിന്നും കൂടിയാണു് ഈ കൃത്യം എന്നു വ്യക്തമാവുന്നതാണു്. ജനകീയ സാഹിത്യവും സംഗീതവും വ്യാകരണപട്ടുകളുടെ വള്ളിപുള്ളി വ്യത്യാസങ്ങളെ വകവെക്കാതെയും, പാണ്ഡിത്യശിരോമണികളുടെ നിയമാവലികളെ നിഷേധിച്ചും ചിലപ്പോൾ മുന്നോട്ടു പോകാറുണ്ടു്. ഇങ്ങനെ ഒരു 'ഗറില്ലാസാഹിത്യം'—യാഥാസ്ഥിതികത്വത്തിന്റെ അച്ചടക്കവും, പഴമയുടെ കടുത്ത കവാത്തെടുപ്പുകളും ഇല്ലാത്ത ഒരു തരം സാഹിത്യം—കുറെക്കാലമായി ഉയൎന്നുവന്നിട്ടുണ്ടു്. "വായിൽ തോന്നിയതെല്ലാം കോതക്കു് പാട്ടു്" എന്നതല്ല ഇതിലെ വാസ്തവം. ജനങ്ങളോടു് ആ സാഹിത്യത്തിന്നു ഒരൊട്ടിപ്പിടിക്കലുണ്ടു്; അലങ്കാരങ്ങളുടെ ഒഴുക്കിനെക്കാൾ ആ ആദൎശശുദ്ധിയുടെ ഇഴുക്കമാണു് ഈ 'ഗറില്ലാ സാഹിത്യ'ത്തിന്റെ ഒരു പ്രത്യേകത. ഈ ഒരു പശ്ചാത്തലത്തിൽനിന്നു വേണം നാം ചൈനീസ് ഗായകന്മാരേയും കവികളേയും നോക്കിക്കാണുന്നതിന്നു്.

പണ്ടു തരിശായിക്കിടന്ന യെനാൻ ഇന്നു് ജനകീയസാഹിത്യം തഴച്ചു തളിൎക്കുന്നതിന്നുള്ള ഒരു ഫലപുഷ്ടമായിത്തീൎന്നിട്ടുണ്ടു്. കൃഷിക്കാരും, തൊഴിലാളികളും, വിദ്യാൎത്ഥികളും, മാത്രമല്ല ധിഷണാശാലികളുംകൂടി ഈ സംഗതി ഗ്രഹിച്ചിരിക്കുന്നു. യനാൻ, ചൈനീസ് സംസ്കാരത്തിന്റെ—നവീനവും ജനകീയവുമായ ചൈനീസ് സംസ്കാരത്തിന്റെ—കേന്ദ്രവുമാണു്; അതിന്റെ ഹൃദയം തുടിക്കുന്നതു അവിടെയാണു്.

ലൂ ചി എന്ന ചൈനീസ് സാഹിത്യകാരന്റെ ചില വരികൾ ശ്രദ്ധിയ്ക്കുക. 'മാൎസേയിൽസും', 'ഇൻടർനേഷലും' രചിച്ച ആ തൂലികയുടെ ഊക്കും തീക്ഷ്ണതയും ലൂ ചിയുടെ തൂലികയ്ക്കും സിദ്ധമാണെന്നു് നിങ്ങൾക്കപ്പോൾ വ്യക്തമാകും.

"മൎദ്ദനം സഹിക്കുന്നോ-
രാം ഞങ്ങൾ, പൊരുതുന്നു
ശൃംഖല ഭേദിക്കുവാൻ,
സ്ഥാപിപ്പാൻ സമാധാനം.

പൊരുതൂ കനത്തൊരീ-
ച്ചങ്ങല പൊട്ടിയ്ക്കുവാൻ,
പൊരുതൂ ഭ്രാതാക്കളേ,
ആയുധം ധരിക്കുവിൻ!

ഉണരിൻ പുരോഭാഗം
പൂകുവിൻ 'ക്വാൻടങ്ങി'ലേ-
യ്ക്കു, ണവിൻ 'ഹോപ്പി' യെത്താൻ,
മുന്നണിപൂകാൻ വേഗം,

ആട്ടിയോടിപ്പിൻ ജാപ്പു
ക്രൂരരെ കൊള്ളക്കാരെ
നാട്ടിന്റെയതൃത്തികൾ-
ക്കപ്പുറമകററുവിൻ!"

"മഞ്ചൂറിയൻ വളണ്ടിയർമാരുടെ യാത്ര" എന്ന ഗീതം എഴുതിയ 'നീ ഏറ'യുടെ ചരിത്രവും പ്രസ്താവ്യമാണു്. പാവപ്പെട്ട ആ യുവാവു ചൈനീസ് ജീവിതത്തിന്റെ ഒരു യഥാൎത്ഥ പ്രതിനിധിയായിരുന്നു. ഒരു വെറും കൂലിക്കാരനായിരുന്ന നി ഏറ സ്വയപരിശ്രമം കൊണ്ടു ഒരു പാട്ടുകാരനായിത്തീൎന്നു—വിക്കിവിക്കി പാടി ആളുകളെ വിറളി പിടിപ്പിക്കുന്ന ഒരു ഭാഗവതരല്ല, നാടൻ ഭാഷയിൽ കാൎയ്യങ്ങളെ വിസ്തരിക്കുന്ന ഒരു പാട്ടുകാരൻ. അദ്ദേഹം യാദൃച്ഛികമായി 1934 ൽ കുഗാമെന കടൽക്കരയിൽവെച്ചു മുങ്ങിമരിച്ചു. പക്ഷെ, ആ ഗീതങ്ങൾ അനശ്വരങ്ങളായിത്തന്നെയിരിക്കുന്നു. ആയിരമായിരം ചൈനക്കാർ ഇന്നും അവ പാടിയാലാപിക്കുന്നു. "മഹത്തായ മാൎഗ്ഗം" എന്ന അദ്ദേഹത്തിന്റെ ഗീതത്തിലെ പല വരികളും, ചൈനീസ് ജനതയെ എന്തു കഷ്ടങ്ങളും അനുഭവിക്കുന്നതിന്നും പ്രേരിപ്പിക്കുകയും, ആസ്വാദനത്തിന്നു ഇടയാക്കുകയും ചെയ്യുവരുന്നു.

"ഒരുമയോടെ, ഒരുമയോടെ,
യേററിടുന്നു ഞങ്ങളി-
പ്പെരിയഭാരമറിവതില്ല-
കാരിരുമ്പും കദനവും.

ഒരുമയോടെ മുന്നിലേറു-
കേവരും നമുക്കെഴും
സമരമൊന്നു; മുക്തിമാൎഗ്ഗ-
മണവതിന്നു പോക നാം."

ഈ ഗീതത്തിന്റെ മാധുൎയ്യം തികച്ചും ആസ്വദിക്കണമെങ്കിൽ, ചൈനീസ് ജീവിതത്തിന്റെ ചില ദൈനംദിനഗതികൾ അറിയേണ്ടതുണ്ടു്. മിസിസ് പേൾ ബക്കു് എന്ന സുപ്രസിദ്ധ അമേരിക്കൻ ഗ്രന്ഥകൎത്രി രചിച്ചിട്ടുള്ള 'ഡ്രാഗൺ സീഡ്' എന്ന നോവൽ വായിച്ചുനോക്കിയാൽ, അഥവാ ആ സിനിമാപടം കണ്ടാൽ, ഈ പാട്ടിന്റെ ആവശ്യകതയും പ്രാധാന്യവും നമുക്കു കൂടുതൽ ഗ്രഹിക്കാൻ കഴിയും. കാടും മേടും കടന്നു, കലപ്പയും നുകവും യന്ത്രങ്ങളും ചട്ടിയും മററും ചുമന്നു്, മരുഭൂമിയിലെ യാത്രാസംഘംപോലെ ആടുമാടുകളേയും കോഴിക്കുഞ്ഞുങ്ങളേയും തെളിച്ചു്, ആയിരമായിരം ചൈനീസ് ജനങ്ങൾ ആബാലവൃദ്ധം നീങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ച ആ പടത്തിൽ ഹൃദയസ്പൃക്കാംവിധം ചിത്രീകരിച്ചു കാണിച്ചിട്ടുണ്ടു്.

ചൈനയിലെ നാടകകൎത്താക്കളിൽവെച്ചു് ഏററവും സുപ്രസിദ്ധനായ ടീൻ ഹാൻ എഴുതിയ പദ്യങ്ങളും ഇവിടെ പ്രസ്താവ്യമാണു്. മഞ്ചൂറിയ ജാപ്പാന്റെ ആക്രമണത്തിന്നു വിധേയമായ സന്ദൎഭത്തിൽ അദ്ദേഹം തന്റെ ഗാനത്തിലൂടെ ചൈനീസ് ജനതക്കു് താഴെ കാണുന്ന ആഹ്വാനം നൽകി.

"അടിമകളാകേണ്ടാത്തോർ
ഉണരുവിൻ നമ്മുടെയ-
ച്ചുടുരക്തമാംസം നവ
മഹാഭിത്തിയാം.
ചൈനയിലെ ജനങ്ങൾക്കു
വന്നണഞ്ഞു ദുരവസ്ഥ
എവരുമീയന്ത്യാഹ്വാനം
മുഴക്കിടേണം.
ഉണരുവിൻ! ഉണരുവിൻ!
ഉണരുവിൻ! ലക്ഷലക്ഷ
മണിനിരന്നെതിർക്കുവിൻ
അരിവൎഗ്ഗത്തെ.
പോക മുന്നോട്ടു,രിയുടെ
പീരങ്കിയെ കൂസീടാതെ,
പോക പോക പുരോഭാഗം,
പോക മുന്നോട്ടായ്"

അദ്ദേഹം എഴുതിയ "തൈഹാങ്ങ്ഷാൻ ഗറില്ലകളുടെ പാട്ടും" പ്രചുരപ്രചാരമായ ഒന്നാണു്.

"ചുവന്നു ചക്രവാളം-
കീൎത്തിതൻ സ്വൎണ്ണാഭയിൽ,
അണഞ്ഞു സ്വാതന്ത്ര്യത്തി-
ന്നാഹ്വാനം സസംഗീതം.

തൈഹാങ്ങ്ഷാനെങ്ങും ജാപ്പ-
വിദ്വേഷവഹ്നിജ്വാലാ-
മാലകളലയടി-
ച്ചിടുന്നു നോക്കൂ വീണ്ടും!
മാതാവു ശാസിക്കുന്നു
മക്കളെ, പൈശാചാന്മാരോ-
ടേതുമെ പേടിക്കാതെ-
പ്പോരാടിജ്ജയം നേടാൻ.
കാന്തനെപ്പോർമുന്നിലെ-
യ്ക്കയപ്പൂ പ്രണയിനി.
തൈ ഹങ്ങ്ഷാൻ തന്നിൽ നമ്മൾ,
തൈഹാങ്ങ്ഷാൻ തന്നിലല്ലോ!
നമ്മുടെ പർവ്വതങ്ങ-
ളുന്നതം, വനങ്ങളോ-
സാന്ദ്രമാണല്ലോ, ഭട-
ന്മാരെല്ലാം പോർവീരന്മാർ
ശീഘ്രത ശക്തി രണ്ടും
ചേർന്നവയശ്വങ്ങളും,—
ശത്രുക്കൾ വന്നാൽ മുററും
തോററിട്ടു തിരിച്ചോട്ടം.''

ജനങ്ങളും സേനയും തമ്മിലുള്ള ബന്ധത്തെ സുദൃഢമാക്കുന്നതാണ് ഈ പാട്ട്. ഇതു സാധാരണ ആളുകൾക്കെല്ലാംതന്നെ മനഃപാഠമത്രേ.

"ഹെയ്-ഹൊ-ഹെയ്, ഹെയ്-ഹൊ-
[ഹെയ്!
ഞങ്ങൾ, പട്ടാളവും പൌരരുമൊന്നുതാൻ
ഞങ്ങൾ പ്രവർത്തിക്കുന്നൈക്യതയിൽ.
പോർമുന്നിൽ നിങ്ങൾ പൊരുതുന്നു, ഞങ്ങ
[ളോ-
പോരിന്നു നൽകുന്നിതൊത്താശകൾ.
വെട്ടുന്നു ചാലുകൾ, നിർമ്മിക്കുന്നായുധം,
രക്തവും സ്വേദവുമുണ്ടിവരിൽ.
ഒററമനസ്സോടെ, യൊററമേളത്തോടെ-
യൊത്തുപണിയുന്നു നമ്മളെല്ലാം.
ഹെയ്-ഹൊ-ഹെ, ഹെയ്-ഹൊ-ഹെ
[യ് വിശ്രമിക്കില്ലെങ്ങൾ
ജാപ്പ വിശാചുക്കളോടുവോളം."

ഉല്ലാദനം അധികരിപ്പിക്കുന്നതിന്നു അഭ്യർത്ഥിച്ചു കൊണ്ടുള്ള മറെറാരു ഗീതം.

പുതുമണ്ണിലുഴുതാലു, മുഴുതാലും വേഗത്തിൽ,
രണവീരർക്കാഹാരം വേണമല്ലോ.
തുണിനെയ്യിടുന്നെങ്ങൾ, തുണിനെയ്യിടു
[ന്നെങ്ങൾ
'യൂനിഫോറം' പട്ടാളക്കാർക്കു വേണം!
ഭയമൊരുലേശവുംമിയലേണ്ട മുത്തശ്ശി,
പ്രിയതമേ, ചേച്ചീ, യെൻകുഞ്ഞുമേയതും.
രണരംഗത്തുഴമൊരുഭടനെക്കുറിച്ചൊട്ടും-
ഹൃദി നിങ്ങൾക്കുൽക്കണ്ഠ വേണ്ട കെട്ടോ,
അതിശീഘ്രം നെയ്യുകി, ലുഴുതെങ്കിൽ മാ
[ത്രമേ-
അവനുടക്കാനുമുണ്ണാനുമാകൂ.
ഭുജകലരേണ്ടാരും, പൈശാചനെക്കൊന്നാ
[കിൽ-
വിജശീക്ഷുവായവരെത്തും വീട്ടിൽ"

ഏയ്ത്ത് റൂട്ട് സേനയുടെ കമാണ്ടറായ ജനറൽ ചൂ ട്ടെ ഇടയ്ക്കിടക്ക് കവിത എഴുതാറുണ്ട്. 1939 ൽ അദ്ദേഹം എഴുതിയ ഒരു പദ്യശകലത്തിൻെറ പരിഭാഷയാണ് ചുവടെ ചേർക്കുന്നതു്:—

"തൈ ഹാങ്ങ്ഷാൻ പർവ്വതനിരയിലൂടെ, ഒക്ടോബറിൽ കനത്ത മഞ്ഞു തുരുതുരെ വീണുകൊണ്ടിരിക്കുന്ന സമയത്തു്, കതിരപ്പുറത്തേറിപ്പോവുമ്പോൾ എല്ലാവരേയും ശൈത്യം ബാധിക്കുന്നു. ഞങ്ങളുടെ ഉടുപ്പുകൾ നേരിയതും ഉഷ്മളതയില്ലാത്തതുമാണ്. എന്നാൽ ഇതിന്നു ഒരു വഴിയുണ്ട്—എല്ലാ രാത്രികളിലും നാം പുറത്തിറങ്ങി കൂടുതൽ പിശാചുക്കളെ കൊല്ലണം. നമ്മിൽ ചൂടു കയററുന്നതിന്നുള്ള മാർഗ്ഗം അതത്രേ."

ചൈനയിലെ സേന പാടുന്ന പട്ടാളമായിരിക്കുന്നു. ജനങ്ങളും അവരെ അനുകരിക്കുന്നു. വാൻ റെൻ ഹൊ ചാങ്ങ് (ജനങ്ങളെല്ലാവരും ഒന്നിച്ചു പാടട്ടെ) എന്നതാണ് അവരുടെ മുദ്രാവാക്യം.

## റഷ്യയുടെ തീരുമാനം


റഷ്യ ജപ്പാന്നെതിരായി യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഇതു നാമെല്ലാം പ്രതീക്ഷിച്ച ഒരു സന്തോഷവാർത്ത മാത്രമാണ്.

അടോമിക് ബോമ്പുകൾ, റഷ്യൻ ഇടപെടൽ, ഇവ രണ്ടും ജപ്പാനെ അത്രയേറെ പരിഭ്രമിപ്പിക്കുന്ന സംഗതികളാണ്. അവർക്കു കീഴടങ്ങാനിനിയും സമയമുണ്ടു്.

റഷ്യയുടെ പ്രഖ്യാപനം ഒരു നീണ്ട യുദ്ധത്തെ ഇല്ലാതാക്കുന്നതിന്നു് ഉപകരിക്കും.



ജലസർക്കാരിയായ പ്രൈവററ് യാക്കൂബ് ഖാനും അവരുടെ മൂന്നു പുത്രികളും. അവരെല്ലാം യുദ്ധസേവനത്തിലാണ്.



മലേസികൾ നിർമ്മിച്ച വിജയപാത.

# ‘കരിക്കൽ’

(കേ. ജോർജ്ജ്)

കരിക്കൽ പലവിധത്തിലുണ്ട്. പണ്ടത്തെ തീവെട്ടിക്കൊള്ളക്കാരുടെ ‘കരിക്കൽ,’ മനഃപൂർവ്വ വിരോധം വച്ചുകൊണ്ടുള്ള മററു ചില ‘കരിക്കൽ,’ സാഹിത്യ സാർവ്വഭൗമന്മാരെന്നു സ്വയം അഭിമാനിക്കുന്നവരുടെ വേറെ ചില തരം ‘കരിക്കൽ,’ ഇങ്ങനെ പലവക. അതിൽ അവസാനം പറഞ്ഞ ‘കരിക്ക’ലാണ് നമ്മുടെ ലക്ഷ്യം.

ഇക്കൂട്ടർ സാഹിത്യസോപാനസീമയിൽക്കയറി, ലക്ഷ്മീദേവിയോടു വാളുകെട്ടി പീഠം കൈക്കലാക്കിയവരാണെന്നു ഒരു ഏഴാം ക്ലാസ്സുകൊണ്ടോ എട്ടാം ക്ലാസ്സുകൊണ്ടോ അഭിമാനിക്കുന്നവരാണ്. മിക്കതും തൊഴിലില്ലാക്കച്ചേരിയിലെ ജഡ്ജിമാരും, ദാരിദ്ര്യദേവതയുടെ സേവകന്മാരുമായിരിക്കും. എന്നാൽ ഇവരുടെ തലയിൽ കൂടി പോകുന്ന ‘സെൻട്രൽ’ റോഡു, ‘മച്ചിപ്പശു’ നക്കിയതുപോലെയുള്ള മുടിചീകലും “ലക്ഷ്മീ ഭഗവതി തൻെറ തിരുനെററിയിലിട്ട കുറിയും” “തൂവെള്ളച്ചിറകൊന്നിട്ടും പാവകൾക്കുള്ള”തുപോലെയുള്ള വേഷധാടിയും കണ്ടാൽ ഇത്തരത്തിലുള്ള മഹാന്മാരെ വേഗം തിരിച്ചറിയാം. ഇവരുടെ ജാതികളെല്ലാം ഈ ജനത്തിൽ പെട്ടതാണ്. ഇവരോടു അടുക്കുമ്പോൾ വളരെ സൂക്ഷിക്കണം, അല്ലെങ്കിൽ നമ്മൾ ഇവരോടു അടുക്കണമെന്നില്ല; നമ്മൾ ശരിയായി ഒന്നു സൂക്ഷിച്ചു നോക്കിയാൽ അവർ നമ്മോടു ഒട്ടിപ്പിടിച്ചുകൊള്ളും. ഇവരെ അകററുന്നതു് ഇത്തിക്കണ്ണി പ്ലാവിൽനിന്നു പറിച്ചുകളയുന്നതുപോലെയുള്ള പ്രയാസത്തോടുകൂടിയാണ്. റോഡിലും ബസ്സിലും തീവണ്ടിയിലും ഇക്കൂട്ടരെക്കാണാം. ഇപ്പോൾ വിമാനത്തിലും ഇക്കൂട്ടരുടെ സഞ്ചാരമുണ്ടെന്നാണു കേൾവി. ഇവർ നമ്മോടുള്ള കുശലപ്രശ്നത്തിൻെറ നാന്ദിയിടുന്നതു് “വന്ദേ ശ്രീജിത്” എന്നുച്ചരിച്ചുകൊണ്ടുള്ള ചന്ദ്രക്കലപോലുള്ള നമസ്കാരംകൊണ്ടാണ്. നമ്മൾ ലോഹ്യത്തിനു് എന്തെങ്കിലും കഷ്ടകാലത്തിനു ചോദിച്ചുപോയാൽ ഇംഗ്ലീഷീകരിച്ചും വേണമെങ്കിൽ സംസ്കൃതീകരിച്ചും പലതും തട്ടിമൂളിക്കലായി. ഈ സമയത്തു അക്ഷം അടുത്തുകൂടാ. പക്ഷെ ഓടിയാൽ സ്വല്പം ആശ്വാസം കിട്ടുമെന്നു തോന്നിപ്പോകും. എന്നാൽ ഭയപ്പെടേണ്ടാ. ഈ ‘കരിപ്പുകൾ’ എല്ലാം കഴിക്കുമ്പോൾ അവ എപ്രകാരം ഭാഷകളിലേക്കു പകർത്തണമെന്നോ ഇന്നവിധം രൂപാന്തരം ചെയ്യണമെന്നോ ഇക്കൂട്ടർക്കു നിശ്ചയമില്ല. അഥവാ ഉണ്ടെന്നു് ആരെങ്കിലും വാദിക്കുന്നപക്ഷം വല്ല ശ്രുന മുത്തപണിക്കരെകൊണ്ടു പ്രശ്നം വെപ്പിച്ചുനോക്കിയെങ്കിലേ എനിക്കതു സമ്മതിക്കാൻ നിവ്വാഹമുള്ളൂ. ഇനിയും ഇവരുടെ ഒരു ലക്ഷണം ഇവർ അച്ചടിയക്ഷരത്തിൽ സംസാരിക്കുന്നവരാണു് എന്നുള്ളതാണ്. എൻെറ ഒരു സ്നേഹിതൻ തൻെറ ഭാര്യയോടു “ഭവതി എൻെറ രുമിലേക്കു ആനീതയായാലും” എന്നു പറഞ്ഞതുകേട്ടു. “എന്തു സാധനമാണു കൊണ്ടുവരേണ്ടതെന്നു് അങ്ങു തെളിയിച്ചു പറയരുതോ?” എന്നു ആ സാധു ആവലാതിപ്പെടുന്നതു കേൾക്കാനിടയായി. പാവം! നാലാം ക്ലാസ്സു പരീക്ഷായോഗ്യതയോടുകൂടി പള്ളിക്കൂടത്തിൽനിന്നും സലാം പറഞ്ഞു പിരിഞ്ഞ ഈ പാവത്തിനുണ്ടോ ഈ ‘രുമും’ ‘ആനീതലാക്കലും’ മനസ്സിലാകുന്നു? അപ്പോൾ സ്നേഹിതൻ എൻെറ നേർക്കു തിരിഞ്ഞു. “വാസ്തവത്തിൽ ഇതാണ് ഞാൻ സ്ത്രീവിദ്യാഭ്യാസത്തിൻെറ ആവശ്യകതയേയും സ്ത്രീകൾക്കു അവരുടെ നവയൌവനമാകുന്ന പുഷ്പപുടങ്ങൾക്കു മധുരാന്ധരായ അളിവേണികളെ ആകർഷിക്കാൻ സ്വയം പര്യാപ്തയാകുന്നതുവരെ നിർബ്ബന്ധവിദ്യാഭ്യാസത്തിനു വിധേയരാക്കേണ്ടതാണെന്നു് ആ സമ്മേളനത്തിൽ പ്രസംഗിച്ചതു്” എന്നു് ഒരേ ശ്വാസത്തിൽ തട്ടിവിട്ടു. അപ്പോൾ ഞാൻ ചോദിച്ചു. “എന്നുവച്ചാൽ?” സ്നേഹിതൻ എൻെറ മുഖത്തു നോക്കി ഒരു ‘തേനോലും’ പുഞ്ചിരി തൂകി.

ഈ ജനത്തിൽത്തന്നെ മററു ചില ജനക്കാരുണ്ട്. ബസ്സിലും തീവണ്ടിയിലും കയറിയാൽ സ്വൈരം കൊടുക്കാത്തവർ. ഇവരുടെ കൈവശം ആരുടെ പക്കൽനിന്നെങ്കിലും കടമെടുത്ത ഒരു ബുക്കുകൂടിക്കാണും. ഇവരുടെ വാദം “ആ



ലൂയി മൌണ്ട് ബാററൻ പ്രഭു റംഗൂൺ ഡോക്ക് സന്ദർശിച്ചപ്പോൾ.

ശാൻ പ്രേമഗായകനല്ല.” “‘ഓതി നീണ്ട ജടയും നഖങ്ങളും’ എന്നു പറയുന്നിടത്തു ദൂരാന്വയദോഷമുണ്ടു്” ‘ലീല’ ആശാൻെറ വീട്ടിൽ വേലയ്ക്കു നിന്ന ഒരു പെണ്ണായിരുന്നു.” ഇങ്ങനെ വെറുതെ കയറി ഏററു വെട്ടിക്കൊള്ളും. നമ്മൾ പക്ഷെ വല്ല കേസ്സിനെപ്പററിയോ മററു വല്ല സംഗതികളെപ്പററിയും തലകാഞ്ഞു് ആലോചിച്ചുംകൊണ്ടു പോകയായിരിക്കും. ഇവരോടു ഈ സംഗതികൾ വല്ലവരും ചോദിച്ചോ? ഈ വിധം പെരുമാററത്തിൻെറ പേർ കരളുകരിക്കൽ എന്നാണ്. മററുചിലർ ഗീർവ്വാണം അഴിച്ചുവിടുന്നതു പാവപ്പെട്ട വേലക്കാരോടും കാപ്പിക്കടക്കാരോടുമാണ്. ഈ അഴിച്ചുവിടലിൽ വളരെ സൂക്ഷിക്കാനുണ്ടു്. വല്ല കടുവായോ സിംഹമോ ഉണ്ടെങ്കിൽ കാര്യം അപകടമാണ്. പുലയികൾ ഞാറു വളരെ ചരിച്ചു നടുന്നതുകണ്ടു ഉടമസ്ഥനായ പി കെ. “അല്ലയോ നതാംഗിമാരെ, നിങ്ങളുടെ കരപല്ലവങ്ങളിൽ ബന്ധിച്ചിരിക്കുന്ന തൃണസമാനമായ ഞാറിനെ അതിവശ്യഷ്ടാന്തിയോടെ ലംബമാക്കുവിൻ.” ഈ ആക്രോശം കേട്ടു പുലയികൾ ഞാറു നടൽ മതിയാക്കി പോലും! നതാംഗി എന്നതുകൊണ്ടു ഇദ്ദേഹം ഉദ്ദേശിക്കുന്നതു കുനിഞ്ഞുനിന്നു ഞാറു നടുന്നതിനായിരിക്കുമെന്നു വിചാരിക്കുന്നു. ഇനിയും ചിലരുണ്ടു്, എന്തു പറയുന്നതും സാധാരണ വർത്തമാനംപോലും അച്ചടിയക്ഷരത്തിൽ ഗീർവ്വാണീകരിച്ചു്. ഞാൻ ഒരാളോടു പറഞ്ഞു, “പോടാ തൻെറ തന്തയുടെ വകയല്ല ഇതു.” ഉടനെ അദ്ദേഹം തിരുത്തിപ്പറഞ്ഞു, “അങ്ങനെ പറയുന്നതു തെററാണ്. ‘പോകെടോ, ഇതു തത്ര ഭവാൻെറ പിതാവിൻെറ വകയല്ല’” എന്നു്!

പിന്നത്തെ ജനക്കാർ സംസ്കൃതക്കാരാണ്. ഇവർ മുഴക്കെ സംസ്കൃതവും ചിലപ്പോൾമാത്രം ചില പോരാതെ വരുന്ന അക്ഷരങ്ങൾ മലയാളത്തിൽനിന്നും കടം എടുക്കും. ഇവർക്കു നല്ല മലയാളം പറയുന്നതിനു ഒരു ‘ഇതു്’ ഇല്ലാത്തതുപോലെയാണ്. സാധാരണയായി . . . ന്മാർ . . ക്കർ എന്നു ചിലരാണ് ഇതിൽ കൂടുതൽ നിഷ്കർഷ വച്ചിരുന്നതു്. എന്നാൽ ഈ ഭൂതബാധ ഇപ്പോഴുള്ള ചെറുപ്പക്കാരേയും ബാധിച്ചുതുടങ്ങിയിട്ടുണ്ടു്. ഒരു ദിവസം ഒരു കുട്ടി കിണററിൽ വീഴുകയും ഇതുകണ്ടു മുത്തച്ഛൻ ഓടിവന്നു് കിണററിൻെറ വക്കിൽനിന്നുകൊണ്ടു് “എൻെറ പൌത്രൻ കൂപത്തിൽ വീണു ജലപാനം ചെയ്യുന്നേ മഹാലോകരെ, സഹായാർത്ഥം സമ്മനസ്സുണ്ടാകണേ” എന്നു നിലവിളിച്ചത്രെ. സാധു! ‘ചങ്കരാ, വാടോ, പന്നീ, കഴുതെ, കുട്ടിച്ചാത്താ, കുട്ടി കിണററിൽ വീണേടാ, ഓടിവാടാ’ എന്നു വിളിച്ചിരുന്നെങ്കിൽ എത്ര പേർ ഓടി എത്തുമായിരുന്നു? ആരോ ഒരു സദസ്സിൽക്കയറി പ്രസംഗിച്ചപ്പോൾ ‘പരേതനായ അദ്ധ്യക്ഷനവർകൾക്കും പരാപരന്മാരായ സദസ്യർക്കും നമസ്കാരം’ എന്നു്.

പക്ഷെ എനിക്കു് ഇക്കൂട്ടരെപ്പററി ഒരു സംശയമെ ഉള്ളൂ. ഇവർ വല്ല നിലയില്ലാത്ത കയത്തിലും വീണു മുങ്ങിച്ചാകാൻ പോയാൽ ഗീർവ്വാണക്കാർ പറയും “ജലം എൻെറ നിരന്തരപരിശ്രമങ്ങളേയും വിഗണിച്ചു അഹമഹമികയാ ഉൾച്ചെല്ലുന്നു, സഹായാർത്ഥം ഹസ്തദാനം ചെയ്താലും!!” അപ്പോൾ സംസ്കൃതക്കാർ പറയും “ജലോദ്ഗതി അമന്ദമായി ഉൽമുക്കുന്നു. ഉദരതചക്കുകൾക്കു പീഡനം ദേതി. സഹായമപേക്ഷയന്തി!!” ഇതിൻെറയെല്ലാം അർത്ഥം ഇവർക്കുമാത്രമെ അറിഞ്ഞുകൂടു. അതും ചിലപ്പോൾ ഉണ്ടാകാറില്ല.

പിന്നെ എനിക്കോരപേക്ഷകൂടിയുണ്ടു്. ഇവർ കുടിച്ചു ചാകാൻ പോകുന്നതു ആരെങ്കിലും കണ്ടാൽകൂടി പിടിച്ചു കയററരുതു്. വല്ല വിധത്തിലും ഒഴുക്കുകൊണ്ടു കരയ്ക്കടിഞ്ഞാൽ തന്നെയും വല്ല നീളമുള്ള കഴയും എടുത്തു നടുക്കേയ്ക്കു തള്ളിവിടേണ്ടതാണ്. ലോകോപകാരത്തിനുള്ള സഖ്യശക്തികളുടെ യുദ്ധയത്നത്തേക്കാൾ എത്രയോ മഹനീയമായിരിക്കും അതു്. ഇങ്ങനെയുള്ള ശ്രീരകൃത്യം ചെയ്യുന്നവർക്കാണ് ജി.എം. (Good Morning) സമ്മാനിക്കേണ്ടതു്.

# സത്യകാഹളം

(ബലാരത്തു് ഉമ്മർകുട്ടിസാഹിബ്)

വരൂ, യുവാക്കളെ, സഹോദരന്മാരെ!
പരമിപ്പാവനമടക്കളം തന്നിൽ.

പരിരക്ഷിയ്ക്കണം സ്വരാജ്യമേവരും,
പരിത്യജിക്കണം പരുത്ത ഭിന്നത.

അടക്കിവാഴുവാൻ തിടുക്കിമേൽക്കുമേൽ
കടയ്ക്കണ്ണോടിച്ചു പടയ്ക്കു ജാപ്പുകൾ,
മിടുക്കു കാട്ടുമീ പെരുങ്കൊള്ളക്കാരെ
തടുത്തിടായ്കിലൊ നരകമീലോകം.

അടുക്കുവാൻ നമ്മളൊരിക്കലും വഴി
കൊടുത്തുപോകരുതയിരിരിയ്ക്കവെ.
ഇരയ്ക്കു ‘നാസിസം’ പെടുത്തി ഹിററ്ലരെ
ചടച്ച ദുർമ്മോഹ പകിട്ടിലീവിധം.

പടക്കളംവെറും ശ്മശാനഭൂമിയായ്
പടുതാമത്രയും ലയിച്ചു വായുവിൽ.

കരമൊന്നായ്ച്ചേർത്തു വരൂ സഖാക്കളേ!
നിരന്നുനിൽക്കണമൊരുമയോടെ നാം.

അടുത്തു ജാപ്പുകൾ വ്രണം നികത്തുവാൻ
പെടുന്ന പാടുകൾ പരം ദയനീയം.

അതിൻമുമ്പെ നമ്മളടുത്തു ചേരണം
അലസരാകാതെ, കടന്നെതൃക്കണം.

ഇറങ്ങിയൊന്നുനാമൊരുങ്ങി നിൽക്കണ-
മുറങ്ങിടായ്കിനി ജയംവരുംവരെ.

ചതിപ്പെട്ടുത്തിയസ്വാതന്ത്ര്യരാക്കീടാൻ
കൊതിച്ചിരിയ്ക്കയാണവരിതുവരെ
വരൂ, യുവാക്കളേ, സഹോദരന്മാരെ!
പരമിപ്പാവന മടക്കളം തന്നിൽ.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.